بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 9

ലക്കം 40

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഒക്ടോബർ 03/ഹി.ശം 1403 അഖാഅ് 03/ഹി:ഖ 1446 റബീഉൽ അവ്വൽ 29


## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اِنَّکَ تَعۡلَمُ مَا نُخۡفِیۡ وَمَا نُعۡلِنُ ؕ وَمَا یَخۡفٰی عَلَی اللّٰہِ مِنۡ شَیۡءٍ فِی الۡاَرۡضِ وَلَا فِی السَّمَآءِ ○

(سورہ ابراہیم، آیت 39)

ഞങ്ങളുടെ നാഥാ! ഞങ്ങൾ മറച്ചുവെക്കുന്നതും ഞങ്ങൾ പരസ്യമാക്കുന്നതും നിശ്ചയമായും നീ അറിയുന്നു. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ അല്ലാഹുവിന് സർവസ്തുതിയും. എന്റെ നാഥൻ പ്രാർഥന നല്ലവണ്ണം കേൾക്കുന്നവൻ തന്നെയാണ്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### നല്ല നിലയിൽ കടം വീട്ടാനുള്ള പാഠം

(2609) അബൂഹുറയ്റ رضی اللہ عنہ നിവേദനം. നബിﷺ കടം നൽകുവാനുണ്ടായിരുന്ന ഒരാൾ നബിയുടെ അടുത്തുവരികയും വളരെ പരുഷമായ രീതിയിൽ അതാവശ്യപ്പെടുകയും ചെയ്തു. അപ്പോൾ സ്വഹാബിമാർ അയാളെ അടിക്കാൻ മുതിർന്നു. അയാളെ നിങ്ങൾ വിട്ടയക്കുവിൻ! തീർച്ചയായും കടം ലഭിക്കുവാനുള്ളവന് ചിലതൊക്കെ പറയാൻ അവകാശമുണ്ട്. അയാൾത്തന്ന പ്രായത്തിലുള്ള ഒരൊട്ടകത്തെ അയാൾക്ക് തിരിച്ചുകൊടുക്കുവിൻ.

### നബിﷺക്ക് സ്വഹാബത്തിനോടുള്ള സ്നേഹവുംഅവരോടുള്ള പെരുമാറ്റവും.

(2610) ഹദ്റത്ത് അംറ് ബിൻ ദീനാർ رضی اللہ عنہ ഹദ്റത്ത് ഇബ്നു ഉമർ رضی اللہ عنہ ൽ നിന്ന് നിവേദനം. അദ്ദേഹം ഒരു യാത്രയിൽ നബിﷺയോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ ധിക്കാരിയായ ഒരു ഒട്ടകത്തിൽ യാത്രചെയ്യുകയായിരുന്നു. അത് നബിﷺതിരുമേനിയെക്കാൾ മുന്നിൽപോകുമായിരുന്നു. അപ്പോൾ എന്റെ പിതാവ് പറഞ്ഞു: അബ്ദുല്ലാഹ്!നബിയെക്കാൾ മുമ്പേ ആരും പോകാറില്ല. നബിﷺഅദ്ദേഹത്തോടു തനിക്കതിനെ വിൽക്കാൻ പറഞ്ഞു. ഹദ്റത്ത് ഉമർ رضی اللہ عنہ പറഞ്ഞു: ഇത് അങ്ങയുടേതുതന്നെയാണ്. അവിടന്ന് അതിനെ വിലക്കുവാങ്ങി. അതിനുശേഷം പറഞ്ഞു:'അബ്ദുല്ലാഹ്!ഇതിപ്പോൾ താങ്കളുടേതാണ്. ഇതുകൊണ്ട് നീ ആഗ്രഹിക്കുന്ന എന്തു ജോലിയും ചെയ്തുകൊള്ളുക.' *(സ്വഹീഹ് ബുഖാരി, വാള്യം 4, ബാബ് കിതാബുൽ ഹിബ)*

**മസീഹ് മൗഊദിന്റെ ജമാഅത്തെന്ന് പറഞ്ഞിട്ട് സ്വഹാബത്തിന്റെ ജമാഅത്തുമായി കണ്ടുമുട്ടണമെന്നാഗ്രഹിക്കുന്ന നിങ്ങൾ നിങ്ങളുടെ ഉള്ളിൽ സ്വഹാബത്തിന്റെ വർണം ചാർത്തുക.**

**ഞാൻ അല്ലാഹുവിൽനിന്ന് വന്നിട്ടുള്ള ആളല്ലെങ്കിൽ നിങ്ങൾത്തന്നെ പറയുക, ഇത്രമാത്രം ചീത്തവിളികളും ഇത്രമാത്രം ബഹളങ്ങളും ഉപദ്രവങ്ങളും മുസ്വീബത്തുകളും ബലാകളുമെല്ലാം തന്റെമേൽ എടുക്കേണ്ട ആവശ്യം ആർക്കാണുള്ളത്?**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നബിﷺതിരുമേനിയുടെ ശരീരാകൃതിയുടേയും രൂപലാവണ്യത്തിന്റേയുംമേൽ അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ പ്രകാശം പതിഞ്ഞിട്ടുണ്ടായിരുന്നു. അത് പ്രതാപപരവും സൗന്ദര്യപരവുമായ വർണങ്ങൾ വഹിച്ചിട്ടുള്ളതായിരുന്നു. അതിൽത്തന്നെ ഒരു ആകർഷണവും ശക്തിയുമുണ്ടായിരുന്നു. അതായത് അത് അനിയന്ത്രിതമായി ഹൃദയങ്ങളെ ആകർഷിച്ചെടുത്തിരുന്നു. പിന്നീട് അവിടത്തെ ജമാഅത്ത് റസൂലിനോടുള്ള അനുസരണത്തിന്റെ മാതൃകകാണിച്ചു. അവരുടെ ഇസ്തിഖാമത്ത് അഥവാ സ്ഥിരചിത്തത എങ്ങനെയുള്ള ദിവ്യാത്ഭുതമായി സ്ഥാപിതമായെന്നാൽ, അവരെ ആരുകണ്ടാലും അനിയന്ത്രിതമായ അവരുടെ സമീപത്ത് വരുമായിരുന്നു. സ്വഹാബത്തിനെപ്പോലുള്ള അവസ്ഥയും ഐക്യവും ഇപ്പോഴും ആവശ്യമുണ്ടെന്നാണ് പറഞ്ഞത്. കാരണം അല്ലാഹു മസീഹ് മൗഊദിന്റെ കൈയാൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഈ ജമാഅത്തിനെ നബി(സ)തിരുമേനി തയ്യാറാക്കിയ ജമാഅത്തിനോടൊപ്പം ചേർത്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ജമാഅത്തിന്റെ പുരോഗതി അത്തരമാളുകളുടെ മാതൃകകൾ കൊണ്ടാണുണ്ടാകുന്നത്. അതിനാൽ, മസീഹ് മൗഊദിന്റെ ജമാഅത്തെന്ന് പറഞ്ഞിട്ട് സ്വഹാബത്തിന്റെ ജമാഅത്തുമായി കണ്ടുമുട്ടണമെന്നാഗ്രഹിക്കുന്ന നിങ്ങൾ നിങ്ങളുടെ ഉള്ളിൽ സ്വഹാബത്തിന്റെ വർണം ചാർത്തുക. അനുസരണമുണ്ടാകുന്നുവെങ്കിൽ അങ്ങനെയുള്ള അനുസരണമായിരിക്കണം. പരസ്പര സ്നേഹവും സാഹോദര്യവുമുണ്ടാകുന്നുവെങ്കിൽ അങ്ങനെയുള്ളതു തന്നെയാണ് ഉണ്ടാകേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ, എല്ലാ നിറത്തിലും എല്ലാ രൂപത്തിലും നിങ്ങൾ സ്വഹാബത്തിന്റെ രൂപം സ്വീകരിക്കുക. ആരാണോ നമ്മുടെ എതിരാളിയായിക്കൊണ്ട് നമ്മെ ചീത്തപറയുകയും ദജ്ജാലെന്നും കാഫിറെന്നും വിളിക്കുകയും ചെയ്യുന്നത് നാം അവരെ അശേഷം വകവെക്കുന്നില്ല. കാരണം അല്ലാഹു എല്ലാ ഓരോ മനുഷ്യനും പ്രകൃതിയുടെ പ്രകാശവും തീരുമാനമെടുക്കാനുള്ള കഴിവും നല്കിയിരിക്കുന്നു. മലം മനുഷ്യന്റെ ഉള്ളിൽനിന്നാണ് പുറത്തുവരുന്നത്. അതിന്റെ നാറ്റം അവൻതന്നെയും അനുഭവിക്കുന്നു. അപ്പോൾ ഇതൊരു അംഗീകരിക്കപ്പെട്ട കാര്യമാകുമ്പോൾ, ആ നാറ്റത്തെക്കാൾ കൂടുതൽ ദുർഗന്ധമുണ്ടാക്കുന്ന കളവിന്റെ നാറ്റം അവനുണ്ടാകുമെന്നത് ദൃഢഗാഢമായ കാര്യമല്ലേ? തീർച്ചയായുമുണ്ടാകുന്നു. അപ്പോൾപ്പിന്നെ അല്ലാഹുവിൽ കറ്റുകെട്ടി പറയുന്നവൻ ഇത്രമാത്രം ശക്തിയോടും സ്ഥിരചിത്തതയോടും

ശേഷം പേജ് 11 ൽ

**ആരാണോ ബലി നടത്തുന്നത്, താനും അല്ലാഹുവിന്റെ വഴിയിൽ സകലതും ബലികഴിക്കുമെന്ന കാര്യം പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.**

**ആടുകളെ ബലികഴിക്കുന്നതിനോടൊപ്പം തന്റെ ശരീരേച്ഛയേയും ബലികഴിക്കുന്നവൻ മാന്യന്മാരുടെ പക്കൽ ബഹുമാനിതനാണ്. എന്നാൽ, ആടിനെ അറുത്തുകൊണ്ടുമാത്രം മതിയാക്കുന്നവൻ അഭിനയിക്കുന്നവനും കോമാളിയുമാണ്. അതുകൊണ്ട് അവൻ ഒരു ആദരവിനും അർഹനല്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ ഹജ്ജ് എന്ന അധ്യായത്തിലെ 38-ാമത്തെ വചനത്തിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'ഓർമിച്ചുകൊള്ളുവിൻ! ബലികഴിക്കപ്പെടുന്ന മൃഗങ്ങളുടെ മാംസവും രക്തവും അല്ലാഹുവിലെത്തുന്നു എന്നതല്ല ബലികളിലുള്ള യുക്തി. പ്രത്യുത അവ കാരണത്താൽ തഖ്വാ അഥവാ ദൈവഭക്തി ഉണ്ടാകുന്നു എന്നതാണ് അവയിലുള്ള യുക്തി; ആ തഖ്വാ അല്ലാഹുവിനിഷ്ടകരമാണ്. അല്ലാഹു നഊദുബില്ലാഹ് ഹിന്ദുക്കളുടെ ദേവതമാരെപ്പോലെ രക്തദാഹിയാണെന്നും മാംസത്തിനുവേണ്ടി ആർത്തിയുള്ളവനാണെന്നും അതുകൊണ്ടാണ് മൃഗങ്ങളെ ബലികഴിക്കാൻ കല്പിച്ചതെന്നും പറഞ്ഞ് ചിലയാളുകൾ ആക്ഷേപിക്കാറുണ്ട്. അവയുടെ ജീവന്റെബലി താൽപര്യത്തോടെ സ്വീകരിക്കുകയും ബലികഴിക്കുന്നവർക്ക് സ്വർഗത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കുകയും ചെയ്യുന്നു. ഇതിനുള്ള മറുപടി അല്ലാഹു ഈ വചനത്തിൽ ഇങ്ങനെ നൽകിയിരിക്കുന്നു: ബലികഴിക്കപ്പെടുന്ന മൃഗങ്ങളുടെ രക്തമോ അല്ലെങ്കിൽ അവയുടെ മാംസമോ അല്ലാഹുവിലെത്തുന്നു എന്നതല്ല അതിലെ യുക്തി. പ്രത്യുത അതിലുള്ള യുക്തി ഇതാണ്: അതായത് അവ കാരണത്താൽ മനുഷ്യഹൃദയത്തിൽ തഖ്വാ അഥവാ ഈശ്വരഭക്തിയുണ്ടാകുന്നു. ഈശ്വരഭക്തി അല്ലാഹുവിന് വളരെ ഇഷ്ടമാണ്. ആടുകളേയോ ഒട്ടകങ്ങളേയോ കാളകളേയോ ബലികഴിച്ചിട്ട് തങ്ങൾ അല്ലഹുവിനെ പ്രാപിച്ചുവെന്ന് മനസ്സി

ശേഷം പേജ് 6 ൽ

### ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ
30 ആഗസ്റ്റ് 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമ്മൻ പര്യടനം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഇഫ്ക് അഥവാ അപവാദപ്രചാരണ സംഭവത്തിൽ ചാരിത്രവതിയും വളരെ ഭക്തയും പരിശുദ്ധയുമായ ഒരു സ്ത്രീയുടെ ചാരിത്രത്തെ മാത്രമല്ല ആക്രമിക്കുന്നത് പ്രത്യുത അതിന്റെ വലിയൊരു ഉദ്ദേശ്യം നേർക്കുനേരെ നബിﷺതിരുമേനിയുടെ അന്തസ്സിന് കോട്ടം തട്ടിക്കുകയും അങ്ങനെ ഇസ്‌ലാമിക സമൂഹത്തിൽ വളരെ ഭയാനകമായ ഒരു കോളിളക്കം സൃഷ്ടിക്കുകയും ചെയ്യുക എന്നതായിരുന്നു. (സീറത്ത് ഖാത്തമുന്നബിയ്യീൻ)**

---

**ഹദ്റത്ത് ആഇശؓപറയുന്നു: "ഹസ്സാൻ നബിﷺതിരുമേനിയെ പിന്തുണച്ചുകൊണ്ടും അവിശ്വാസികൾക്കെതിരിലും കവിത ചൊല്ലാറുണ്ടായിരുന്നുവെന്ന കാര്യം എനിക്ക് മറക്കാൻ സാധിക്കുകയില്ല."**

**"ഹദ്റത്ത് ആഇശؓയുടെമേൽ ഉന്നയിക്കപ്പെട്ട ആക്ഷേപത്തിന്റെ യഥാർഥ ഉദ്ദേശ്യമെന്തായിരുന്നുവെന്ന് നമ്മൾ നോക്കേണ്ടതാണ്." (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ).**

**ഹദ്റത്ത് ആഇശؓയുടെമേൽ ആക്ഷേപം ഉന്നയിച്ച് ഒരു ചെറിയ തന്ത്രംകൊണ്ടുപോലും രണ്ടു വ്യക്തികളോടുള്ള ശത്രുത പുറത്തുകൊണ്ടുവരാൻ കഴിയുമെന്ന് മനസ്സിലാക്കാൻ കഴിയും; ഒന്ന് നബിﷺതിരുമേനിയോടും ഒന്ന് ഹദ്റത്ത് അബൂബക്റിؓനോടും. കാരണം ഹദ്റത്ത് ആഇശؓ ഒരാളുടെ ഭാര്യയായിരുന്നു, ഒരാളുടെ മകളുമായിരുന്നു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ).**

---

**"നബിﷺതിരുമേനിക്കുശേഷം അവരിലാർക്കെങ്കിലും പദവിയുണ്ടെങ്കിൽ അത് അബൂബക്റിനാണെന്നും അദ്ദേഹംതന്നെയാണ് ഖലീഫയാകാൻ യോഗ്യനെന്നും സ്വഹാബത്ത് ദൃഢഗാഢമായ നിലയിൽ മനസ്സിലാക്കിയിരുന്നു." (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ).**

---

**"ഖിലാഫത്ത് രാജാധിപത്യമല്ല. അത് ദൈവികപ്രകാശം നിലനിറുത്തുന്നതിനുള്ള ഒരു മാർഗമാണ്. അതുകൊണ്ട് അതിന്റെ സ്ഥാപനം അല്ലാഹു തന്റെ കൈയിൽവെച്ചു. അത് നഷ്ടപ്പെടുകയെന്നാൽ നുബുവ്വത്തിന്റെ പ്രകാശവും ദൈവത്വത്തിന്റെ പ്രകാശവും നഷ്ടപ്പെടുകയെന്നാണ്." (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ).**

**ഇഫ്ക് സംഭവത്തിന്റെ പശ്ചാത്തലത്തിൽ നബിചരിതത്തിന്റെ ചില വശങ്ങളെ കുറിച്ചുള്ള വിവരണം.**

**സുഡാനിലെ ഇമാം മുഹമ്മദു ബേലോ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും സുഡാനിയൻ അഹ്മദികൾക്കുവേണ്ടി ദുആചെയ്യാൻ ആഹ്വാനവും. അല്ലാഹു അവരുടെ അവസ്ഥകളും മാറ്റുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ രാജ്യത്ത് വലിയ കലഹം വ്യാപിച്ചിരിക്കുകയാണ്. അല്ലാഹു ഈ കലഹവും അവസാനിപ്പിക്കുമാറാകട്ടെ. അവരുടെമേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. പരസ്പരം കടമകൾ നിറവേറ്റുന്നവരാകട്ടെ.**

**ഖുത്ബ ജുമുഅ 2024 ആഗസ്റ്റ് 30, 1403 ളുഹൂർ 30**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ജർമനി ജൽസയ്ക്കുമുമ്പേ നബിﷺതിരുമേനിയുടെ ചരിത്രത്തെ സംബന്ധിച്ചാണ് പറഞ്ഞുവന്നിരുന്നത്. അതിൽ ഹദ്റത്ത് ആഇശؓയെ സംബന്ധിച്ചും ഇഫ്ക്(അപവാദപ്രചാരണ)സംഭവത്തെ പറ്റിയും പറഞ്ഞിട്ടുണ്ടായിരുന്നു. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: 'മുന്നറിയിപ്പിനെ സംബന്ധിച്ച പ്രവചനങ്ങൾ തൗബ, ഇസ്തിഗ്ഫാർ, ദുആ, സ്വദഖ തുടങ്ങിയ കാര്യങ്ങൾ ഉണ്ടാകുമ്പോൾ അകറ്റുന്നു എന്നത് അല്ലാഹുവിന്റെ ചര്യയിൽപ്പെട്ടതാണ്. അതുപോലെ അല്ലാഹുവും ഇതേ സ്വഭാവം തന്നെയാണ് മനുഷ്യനെ പഠിപ്പിച്ചിട്ടുള്ളത്. ഖുർആനിന്റേയും ഹദീഥിന്റേയും വെളിച്ചത്തിൽ മനസ്സിലാക്കാൻ കഴിയുന്നത് ഹദ്റത്ത് ആഇശؓയെ സംബന്ധിച്ച് മുനാഫിഖീങ്ങൾ തികച്ചും മോശമായി വ്യാജാരോപണം ഉന്നയിച്ചിട്ടുണ്ടായിരുന്നു എന്നാണ്. അതേപ്പറ്റിയുള്ള ചർച്ചയിൽ ചില ശുദ്ധഗതിക്കാരായ സ്വഹാബാക്കളും പെട്ടുപോയിരുന്നു. അതിൽ ഒരു സ്വഹാബി ഹദ്റത്ത് അബൂബക്ർؓന്റെ വീട്ടിൽ നിന്നാണ് രണ്ടു നേരം ഭക്ഷണം കഴിച്ചിരുന്നത്. ഹദ്റത്ത് അബൂബക്ർؓഅദ്ദേഹത്തിന്റെ ഈ പെരുമാറ്റത്തിൽ താക്കീത് എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ അനാവശ്യചെയ്തി കാരണം താൻ ഇനി അദ്ദേഹത്തിന് ഭക്ഷണം കൊടുക്കുന്നതല്ലെന്ന് ശപഥം ചെയ്തിരുന്നു. അതേ തുടർന്ന് **വൽ യഅ്ഫൂ വൽയസ്ഫഹൂ അലാ തുഹിബ്ബൂന അൻയ്യഗ്ഫിറല്ലാഹു ലക്കും വല്ലാഹു ഗഫൂറുർറഹീം**(24:23)(അവർ മാപ്പു ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു)എന്ന ആയത്തിറങ്ങിയപ്പോൾ ഹദ്റത്ത് അബൂബക്ർؓതന്റെ ശപഥം ഒഴിവാക്കുകയും പഴയതുപോലെ അയാൾക്ക് ഭക്ഷണം കൊടുത്തു തുടങ്ങുകയും ചെയ്തു.' ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: 'ഇതിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക ധാർമിക ഗുണങ്ങളിൽ ഉൾപ്പെടുന്ന ഒരു കാര്യമെന്തെന്നാൽ ആരെങ്കിലും മുന്നറിയിപ്പ് എന്ന നിലയ്ക്ക് വല്ല ശപഥവും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുകയെന്നത് ധാർമിക ഗുണങ്ങളിൽപെട്ടതാണ്. ഉദാഹരണമായി ആരെങ്കിലും തന്റെ സേവകനെ സംബന്ധിച്ച് ഞാൻ തീർച്ചയായും അയാൾക്ക് 50 അടി കൊടുക്കുമെന്ന് ശപഥം ചെയ്താൽ അയാൾ പശ്ചാത്തപിക്കുകയും വിലപിക്കുകയും ചെയ്യുമ്പോൾ മാപ്പ് കൊടുക്കുന്നതാണ് ഇസ്‌ലാമിന്റെ ചര്യ. അങ്ങനെയാകുമ്പോൾ ആ ധാർമിക സ്വഭാവം ദൈവിക സ്വഭാവമായി മാറുന്നു.

എന്നാൽ, വാഗ്ദാന ലംഘനം അനുവദനീയമല്ല. വാഗ്ദാന ലംഘനം നടത്തുകയാണെങ്കിൽ അതേപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും. അതേസമയം തന്റെ താക്കീതുകൾ ഒഴിവാക്കുന്നത് അങ്ങനെയല്ല.' *(ഉമീമ ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീഖസാഇൻ വാല്യം 21, പേജ് 181)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ﵔസീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഇഫ്ക് (അപവാദപ്രചാരണ) സംഭവം ബുഖാരിയുടെ നിവേദനങ്ങളുടെ വെളിച്ചത്തിൽ വിവരിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് അദ്ദേഹം എഴുതുന്നു: 'ഇത് സംബന്ധിച്ച് ഈ നിവേദനം എല്ലാ നിവേദനങ്ങളെക്കാളും വിശദീകരണമുള്ളതും ബന്ധമുള്ളതുമാകുന്നു. മറ്റുനിവേദകരുടെ നിവേദനങ്ങളിൽനിന്ന് വെവ്വേറെ കഷണങ്ങളായി കിട്ടുന്ന കാര്യങ്ങൾ ഈ നിവേദനത്തിൽ ഒന്നിച്ച് കൂട്ടിയിരിക്കുന്നു. കൂടാതെ ഈ നിവേദനത്തിലൂടെ നബിﷺ തിരുമേനിയുടെ കുടുംബജീവിതത്തിലും വളരെ നല്ല രീതിയിൽ വെളിച്ചം വീശുന്നുണ്ട്. അത് അവഗണിക്കാൻ ഒരു ചരിത്രകാരനും സാധ്യമല്ല. യാഥാർഥ്യത്തിന്റെ അടിസ്ഥാനത്തിലും ഈ നിവേദനം സംശയങ്ങൾക്ക് ഒരു തരത്തിലും ഒരു പഴുതും തരാത്ത ഉന്നതമായ തലത്തിലുള്ളതാണ്. അതേ സമയം എത്ര മാത്രം ഭയാനകമായ ഒരു ഫിത്നയായിരുന്നു മുനാഫിഖീങ്ങൾ അഥവാ കപടവിശ്വാസികൾ പടച്ചുണ്ടാക്കിയതെന്നതാണ് ഏറെ ചിന്തനീയമായ കാര്യം. ഇതിൽ ചാരിത്രവതിയും വളരെ ഭക്തയും പരിശുദ്ധയുമായ ഒരു സ്ത്രീയുടെ ചാരിത്രത്തെ മാത്രമല്ല ആക്രമിക്കുന്നത് മറിച്ച് അതിന്റെ വലിയൊരു ഉദ്ദേശ്യം നേർക്കുനേരെ നബിﷺതിരുമേനിയുടെ അന്തസ്സിന് കോട്ടം തട്ടിക്കുകയും അങ്ങനെ ഇസ്ലാമിക സമൂഹത്തിൽ വളരെ ഭയാനകമായ ഒരു കോളിളക്കം സൃഷ്ടിക്കുകയും ചെയ്യുക എന്നതായിരുന്നു. മുനാഫിഖീങ്ങൾ ഈ നീചവും നികൃഷ്ടവുമായ ആരോപണത്തെ ചർച്ചാ വിഷയമാക്കി. അങ്ങനെ ചില ശുദ്ധഗതിക്കാരായ അതേസമയം സത്യസന്ധരുമായ മുസ്ലിമീങ്ങൾക്കും അക്കൂട്ടരുടെ അളവുകോലനുസരിച്ച് കാലിടറുകയുണ്ടായി. അവരുടെ വഞ്ചനയിൽ അകപ്പെട്ടു. അതിൽ കവി ഹസ്സാൻ ബിൻ ഥാബിത്, സയ്നബ് ബിൻത് ജഹ്ശിന്റെ സഹോദരി ഹംന ബിൻത് ജഹ്ശ്, മിസ്ത്വഹ് ബിൻ ഉഥാഥ, എന്നിവരുടെ പേരുകൾ പ്രത്യേകമായും പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഹദ്റത്ത് ആഇശﵥ തന്റെ ഉന്നതമായ ധാർമികബോധം അനുസരിച്ച് അവർക്കെല്ലാം മാപ്പു കൊടുത്തു. അവർ അത് സംബന്ധിച്ച് ഒരിക്കലും അവരോടു മനസ്സിൽ വെറുപ്പുവച്ചു പുലർത്തിയില്ല. ഒരു നിവേദനത്തിൽ പറയുന്നു. ഇതിനുശേഷം ഹസ്സാൻ ബിൻ ഥാബിത്ത്﵁കാണാൻ വരുമ്പോഴെല്ലാം ഹദ്റത്ത് ആഇശﵥ വളരെ നല്ല രീതിയിൽ അദ്ദേഹത്തെ സ്വീകരിച്ചിരുന്നു. ഒരിക്കൽ ഹദ്റത്ത് ആഇശയുടെﵥസന്നിധിയിൽ അദ്ദേഹം എത്തി, ആ സമയത്ത് മസ്റൂഖ് എന്നുപേരുള്ള ഒരു മുസ്ലിമും അവിടെയുണ്ടായിരുന്നു. മസ്റൂഖ് വളരെ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു: 'ഹസ്സാനും അങ്ങയുടെ സവിധത്തിൽ വരാൻ അനുവാദംകൊടുക്കുന്നുവോ?' ഹദ്റത്ത് ആഇശﵥപറഞ്ഞു: 'ആ പാവം കണ്ണുകളുടെ കാര്യത്തിൽ മുസ്വീബത്തിലകപ്പെട്ടിരിക്കുകയാണ്. ഇതൊരു ചെറിയ ശിക്ഷയാണോ?' അദ്ദേഹത്തിന് കണ്ണുദീനം വന്നിരുന്നു. തുടർന്ന് ഹദ്റത്ത് ആഇശﵥ പറഞ്ഞു: ഹസ്സാൻ, നബിﷺതിരുമേനിയെ അനുകൂലിച്ചു കൊണ്ട് പറഞ്ഞിട്ടുള്ള കവിതകൾ എനിക്കൊരിക്കലും വിസ്മരിക്കാൻ സാധ്യമല്ല. ഹസ്സാന് അനുമതി കൊടുക്കുകയും അദ്ദേഹം അകത്തു വന്നിരിക്കുകയും ചെയ്തു. തുടർന്ന് ഹദ്റത്ത് ആഇശﵥയെ പ്രകീർത്തിച്ചുകൊണ്ടു അദ്ദേഹം ഈ ഈരടികൾ ചൊല്ലി:

**ഹസ്വാനുൻ റസാനുൻ മാ തുസന്നു ബിരീബത്തിൻ**

**വ തുസ്ബിഹു ഗർഥാ മിൻ ലുഹൂമിൽ ഗവാഫിലി**

അതായത് അവർ വളരെ ചാരിത്രവതിയും പരിശുദ്ധയും ബുദ്ധിയും വിവേകവുമുള്ള മഹിളയുമാകുന്നു. അവരുടെ സ്ഥാനം എല്ലാ സംശയങ്ങൾക്കുമതീതമാകുന്നു. അവരൊരിക്കലുംതന്നെ അശ്രദ്ധരും പാപരഹിതരുമായ സ്ത്രീകളുടെ പച്ചമാംസം തിന്നുന്നില്ല. അതായത് അവർക്കുമേൽ വ്യാജ ആരോപണമുന്നയിക്കുകയോ അവരെപ്പറ്റി പരദൂഷണം പറയുകയും ചെയ്യുന്നില്ല. ഹദ്റത്ത് ആഇശﵥ ഈ ഈരടികൾ കേട്ടപ്പോൾ പറഞ്ഞു: വലാക്കിൻ അൻത പക്ഷേ, നീ? ഒരു നിവേദനത്തിലുള്ളത് ലസ്ത്ത കദാലിക്ക എന്നാണ്. അതായത് നിങ്ങളുടെ സ്വന്തം കാര്യമെന്താണ്? നിങ്ങൾക്ക് ഈ മേന്മയുടെ അവകാശിയാകാൻ കഴിഞ്ഞില്ല. അതായത് നിങ്ങൾ നിരപരാധിയായ എനിക്കെതിരെ ആരോപണം ഉന്നയിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ﵔകടുത്ത യാഥാസ്ഥികനായ വില്യം മ്യൂയറിനെ ഉദ്ധരിച്ചുകൊണ്ടെഴുതുന്നു: 'ഇയാളുടെ അറബി പാണ്ഡിത്യവും പക്ഷപാതവും നോക്കുക; ഈ ഈരടിയെ തികച്ചും തെറ്റായ നിലയിലും അറബി ഭാഷാ നിയമങ്ങൾക്ക് വിരുദ്ധമായ രീതിയിലും തർജമ ചെയ്തു കൊണ്ടെഴുതുന്നു: ഹസ്സാൻ, ആഇശﵥയുടെ തരുണഗാത്രത്തെ വർണ്ണിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ആഇശﵥവളരെ ദ്വേഷത്തോടുകൂടി അദ്ദേഹത്തിന്റെ തടിച്ച ശരീര പ്രകൃതത്തെ പരിഹസിക്കുകയുണ്ടായി.'

അദ്ദേഹം എഴുതുന്നു: മ്യൂയർ ഈ കഥയുടെ വിവരണത്തിൽ വേറെയും ഒരുപാട് വ്യക്തമായ അബദ്ധങ്ങൾ കാണിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സ്വഫ്വാനും ഹദ്റത്ത് ആഇശﵥയ്ക്കും വഴിയിൽവച്ച് സൈന്യത്തിന്റെ അടുത്തെത്താൻ കഴിഞ്ഞില്ലെന്നും പിന്നീട് എല്ലാവരും കാണെ മദീനയിലേക്ക് പ്രവേശിക്കുകയാണുണ്ടായതെന്നും പറയുന്നു. വാസ്തവത്തിൽ ഇത് തികച്ചും തെറ്റും അടിസ്ഥാനരഹിതവുമായ വിവരണമാണ്. കാരണം ഹദീഥുകളിൽനിന്നും ചരിത്രങ്ങളിൽനിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത്, സ്വഫ്വാനും ഹദ്റത്ത് ആഇശﵥയും ഏതാനും മണിക്കൂറുകൾക്കകംതന്നെ ഇസ്ലാമിക സൈന്യത്തെ കണ്ടുമുട്ടി എന്നാണ്. പക്ഷേ, യഥാർഥ ആരോപണത്തെ സംബന്ധിച്ച് മ്യൂയർ ഹദ്റത്ത് ആഇശﵥയുടെ നിഷ്കളങ്കത്വത്തെയാണ് അംഗീകരിക്കുന്ന തെന്നതുതന്നെ വലിയൊരു കാര്യമാണ്. എഴുതുന്നു: ഹദ്റത്ത് ആഇശﵥയുടെ മുമ്പേയുള്ളതും പിന്നീടുള്ളതുമായ ജീവിതം വ്യക്തമാക്കുന്നത് അവർ ഈ ആരോപണങ്ങളിൽനിന്ന് തികച്ചും മുക്തയാകുന്നു എന്നാണ്. അതായത് ബൗദ്ധികമായും പ്രാമാണികമായും ഈ ആരോപണം തികച്ചും തെറ്റും വ്യാജവുമാണ്. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് ആഇശﵥ ഇസ്ലാമിക സൈന്യത്തിൽനിന്ന് പിന്നിലായിപ്പോയെന്ന യാദൃച്ഛിക സംഭവവും പിന്നെ സ്വഫ്വാന്റെ കൂടെ മദീനയിലെത്തി എന്നതുമൊഴിച്ചാൽ ആരോപണം ഉന്നയിക്കുന്നവരുടെ കൈയിൽ ഒരു തെളിവുമില്ല. അതായത് അവരുടെ പക്കൽ സാക്ഷ്യങ്ങളോ എന്തെങ്കിലും തെളിവുകളോ ഉണ്ടായിരുന്നില്ല. ആരോപണം തെളിയിക്കപ്പെടുന്നതുവരെയും അതിനെയൊരിക്കലുംതന്നെ സത്യമാണെന്ന് കരുതാനും സാധ്യമല്ല. ജീവിതം മുഴുവനും പരിശുദ്ധിയുടെ സാക്ഷ്യമാകുന്ന ആളുകളുടെ ജീവിതത്തെ കുറിച്ചാകുമ്പോൾ പ്രത്യേകിച്ചും! പക്ഷേ, മുസ്ലിമീങ്ങളെ കൂടുതൽ തൃപ്തിപ്പെടുത്തുന്നതിനും മേലിൽ ഇത്തരം കാര്യങ്ങളിൽ പൊതുവായ ഒരു തത്ത്വമുണ്ടാക്കുന്നതിനും വേണ്ടി ദൈവിക വെളിപാടിറങ്ങുകയും അത് ഈ ആരോപണത്തെ മുച്ചൂടും വ്യാജമാണെന്ന് പ്രഖ്യാപിക്കുകയും ഹദ്റത്ത് ആഇശﵥയുടെയും സ്വഫ്വാൻ ബിൻ മുഅത്വലിന്റേയും നിരപരാധിത്വം വ്യക്തമാക്കുകയും ചെയ്തു. മാത്രമല്ല മേലിൽ ഇത്തരത്തിലുള്ള സംഭവങ്ങളെ സംബന്ധിച്ച് പൊതുവായ ഒരു നിയമം ലോകത്തിനുമുന്നിൽ സമർപ്പിക്കുകയും ചെയ്തു. അത് വ്യക്തികളുടെ അന്തസ്സിനേയും സമൂഹത്തിന്റെ സമാധാനത്തേയും മതത്തിന്റെ ധാർമികതയേയും സംരക്ഷിക്കുന്നതിന് വലിയതോതിൽ നിമിത്തമാവുകയും ചെയ്യുന്നു.'*(സീറത്ത് ഖാത്തമുന്നബിയ്യീൻﷺ, പേജ് 567-568)*

ആരോപണത്തിന്റെ കാരണത്തെപ്പറ്റി വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്﵁ പറയുന്നു: 'നമ്മൾ നോക്കേണ്ട ഒരു സംഗതിയുണ്ട്. ഹദ്റത്ത് ആഇശﵥയ്ക്കുമേൽ ആരോപണം ഉന്നയിച്ചവരുടെ യഥാർഥലക്ഷ്യം എന്തായിരുന്നു? അതിന്റെ കാരണമൊരിക്കലുംതന്നെ അവർക്ക് ഹദ്റത്ത് ആഇശﵥയോടുള്ള എന്തെങ്കിലും ശത്രുതയായിരുന്നില്ല. രാഷ്ട്രീയത്തിലോ വ്യവഹാരങ്ങളിലോ സ്ഥാനമാനങ്ങളിലോ സാമ്പത്തിക വിതരണത്തിലോ യുദ്ധങ്ങളിലോ എതിരാളികളായ സമൂഹങ്ങളെ ആക്രമിക്കുന്നതിലോ ഭരണകാര്യങ്ങളിലോ ധനകാര്യത്തിലോ ഒന്നും ഇടപെടാതെ വീട്ടിലിരിക്കുന്ന ഒരു സ്ത്രീയോടു അവർക്ക് വെറുപ്പുണ്ടാകേണ്ട കാര്യമെന്താണ്? അതായത് ഈവക കാര്യങ്ങളൊന്നുമായും അവർക്കൊരു ബന്ധവുമില്ല. എന്നിരിക്കെ ഹദ്റത്ത് ആഇശﵥയോട് നേർക്കുനേരെ അവർക്ക് വെറുപ്പുണ്ടാകാൻ ഒരു കാരണവുമില്ല. ഈ ആരോപണത്തിന് രണ്ടു കാരണങ്ങൾ ആകാനേ തരമുള്ളൂ, ഒന്നുകിൽ ഈ ആരോപണം സത്യമായിരിക്കണം. നഊദുബില്ലാഹ്. അത് ഒരു വിശ്വാസിക്ക് ഒരു നിമിഷനേ

രത്തേക്ക് പോലും അംഗീകരിക്കാൻ സാധ്യമല്ല. പ്രത്യേകിച്ചും അല്ലാഹു വാനലോകത്തുനിന്നുതന്നെ ഈ ദുരാരോപണത്തിന്റെ മുനയൊടിച്ചിരിക്കുന്നു. രണ്ട് ഈ ആരോപണം മറ്റു ചില വ്യക്തികൾക്ക് കോട്ടം തട്ടിക്കാൻ ആകാനേ നിവൃത്തിയുള്ളൂ. ഇനി നമ്മൾ ചിന്തിക്കേണ്ടത് അത് ആരൊക്കെയാണെന്നാണ്. ആർക്കൊക്കെ ദുഷ്പേരുണ്ടാക്കിയാലാണ് മുനാഫിഖീങ്ങളുടെ നേതാക്കന്മാർക്ക് പ്രയോജനമുണ്ടാകുന്നതെന്നും ഇത് മുഖേന മുനാഫിഖീങ്ങൾ ഏതെല്ലാം ആളുകളോടുള്ള തങ്ങളുടെ ശത്രുതയാണ് തീർക്കുന്നതെന്നും നോക്കണം.

ഹദ്റത്ത് ആഇശﷺക്കെതിരിലുള്ള ഈ ആരോപണം കൊണ്ട് രണ്ടാളുകൾക്ക് നേരെയുള്ള വിദ്വേഷമാണ് അവർ പുറത്തെടുക്കുന്നതെന്ന് ചെറിയ ബുദ്ധികൊണ്ടുതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒന്ന്, നബിﷺതിരുമേനിക്കെതിരെ. രണ്ടാമത്തേത് ഹദ്റത്ത് അബൂബക്റിനെതിരെ. ഹദ്റത്ത് ആഇശﷺ ഒരാളുടെ ഭാര്യയും മറ്റൊരാളുടെ മകളുമാകുന്നു. ഈ രണ്ട് വ്യക്തിത്വങ്ങൾക്കും ദുഷ്പേരുണ്ടാക്കുകയാണെങ്കിൽ രാഷ്ട്രീയപരമായും ശത്രുത കാരണത്താലും ചിലയാളുകൾക്ക് പ്രയോജനമുണ്ടാകാൻ സാധ്യതയുണ്ട്. അഥവാ മറ്റു ചിലരുടെ ഉദ്ദേശ്യങ്ങൾ ഇവരെ മോശക്കാർ ആക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതല്ലാതെ നേർക്കുനേരെ ഹദ്റത്ത് ആഇശﷺയെ മോശക്കാരിയാക്കി ചിത്രീകരിക്കുന്നതിൽ ആർക്കും ഒരു താൽപര്യവുമുണ്ടാകാനിടയില്ല. കൂടിവന്നാൽ അവരുടെ കൂടെയുള്ള മറ്റു ഭാര്യമാർക്ക് താൽപര്യമുണ്ടാകാം. അതായത് അവരോടൊപ്പമുള്ള മറ്റു ഭാര്യമാർക്ക് അതുമായി ബന്ധമുണ്ടാകാം. അങ്ങനെ നബിﷺതിരുമേനിയുടെ ദൃഷ്ടിയിൽ ഹദ്റത്ത് ആഇശﷺയുടെ സ്ഥാനം താഴ്ത്തിക്കെട്ടി തങ്ങളുടെ മേന്മ സ്ഥാപിക്കാൻ ആഗ്രഹമുണ്ടാകാം. അതുകൊണ്ട് അതിൽ ഭാഗഭാക്കായതായിരിക്കാം. പക്ഷേ, ചരിത്രം സാക്ഷ്യം നൽകുന്നത് ഹദ്റത്ത് ആഇശﷺയുടെ കൂടെയുണ്ടായിരുന്ന ഭാര്യമാർക്ക് ഇതിലൊരു പങ്കുമില്ലായിരുന്നുവെന്നാണ്. പ്രത്യുത ഹദ്റത്ത് ആഇശﷺതന്നെ പറയുന്നു: നബിﷺതിരുമേനിയുടെ ഭാര്യമാരിൽ സയ്നബിനെയാണ് ഞാൻ എതിരാളിയായി മനസ്സിലാക്കിയിരുന്നത്. അവരല്ലാതെ മറ്റൊരു ഭാര്യയെയും എന്റെ എതിരാളിയായി ഞാൻ കരുതിയിരുന്നില്ല. കാരണം അവർ മാത്രമാണ് കൂടുതലായി സംസാരിച്ചിരുന്നത്. പക്ഷേ, ഹദ്റത്ത് ആഇശﷺപറയുന്നു: എനിക്ക് ഇക്കാര്യത്തിൽ സയ്നബിനോടുള്ള കടപ്പാട് വിസ്മരിക്കാൻ സാധ്യമല്ല. എനിക്കുമേൽ അപവാദമുണ്ടായപ്പോൾ ഏറ്റവും ശക്തമായി ഈ ആരോപണത്തെ എതിർത്തത് സയ്നബ് തന്നെയായിരുന്നു.*(അസ്സീറത്തുൽ ഹൽബിയ്യ ഗസ്വ ബനീ മുസ്ത്വലിഖ്).* ആർക്കെങ്കിലും ഹദ്റത്ത് ആഇശﷺയോടു വിരോധമുണ്ടാകുമായിരുന്നുവെങ്കിൽ അത് അവരുടെ കൂടെയുള്ള ഭാര്യമാർക്ക് ആകാനേ തരമുള്ളൂ. അവർക്ക് താല്പര്യമുണ്ടായിരുന്നെങ്കിൽ അതിൽ ഭാഗഭാക്കാകാമായിരുന്നു. അങ്ങനെ നബിﷺതിരുമേനിയുടെ ദൃഷ്ടിയിൽ ഹദ്റത്ത് ആഇശﷺയെ മോശക്കാരിയായി ചിത്രീകരിച്ച് തങ്ങളുടെ അന്തസ്സ് ഉയർത്തിക്കാണിക്കാമായിരുന്നു. മറ്റുള്ളവർക്ക് തങ്ങളുടെ അന്തസ്സ് പ്രകടിപ്പിക്കാമായിരുന്നു. എന്നാൽ, ചരിത്രം പറയുന്നു, അവർ ആരും തന്നെ ഈ കാര്യത്തിൽ ഇടപെട്ടിട്ടില്ല. മാത്രമല്ല മറ്റു ഭാര്യമാരോടു ഹദ്റത്ത് ആഇശﷺയെ സംബന്ധിച്ച് ചോദിച്ചപ്പോൾ അവർ നല്ല വാക്കുകളല്ലാതെ പറയുകയും ചെയ്തിട്ടില്ല. ചുരുക്കത്തിൽ പുരുഷന്മാർക്ക് സ്ത്രീകളോടു നേരിട്ട് വൈരാഗ്യം ഉണ്ടാകേണ്ട കാര്യമൊന്നുമില്ല. ഒന്നുകിൽ നബിﷺതിരുമേനിയോടുള്ള വെറുപ്പു കൊണ്ടായിരിക്കും ഈ ആരോപണം ഉന്നയിച്ചിട്ടുണ്ടാവുക. അതല്ലെങ്കിൽ ഹദ്റത്ത് അബൂബക്റിനോടുള്ള വെറുപ്പായിരിക്കും കാരണം. നബിﷺതിരുമേനിക്കുണ്ടായിരുന്ന സ്ഥാനം ആരോപണമുന്നയിക്കുന്ന ആർക്കുംതന്നെ തട്ടിപ്പറിക്കാൻ സാധ്യമായിരുന്നില്ല. അവരുടെ മുന്നിലുണ്ടായിരുന്ന അസ്വസ്ഥത നബിﷺതിരുമേനിക്കുശേഷം തങ്ങളുടെ ലക്ഷ്യങ്ങൾ പൂർത്തിയാകുന്ന കാര്യത്തിൽ നഷ്ടപ്പെട്ടവരാകുമോ എന്നതായിരുന്നു. നബിﷺതിരുമേനിയുടെ ഖലീഫയാകാൻ ആരെങ്കിലും അർഹനായിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് അബൂബക്ർﷺമാത്രമാണെന്നും അവർ കാണുന്നുണ്ടായിരുന്നു. ഈ അപകടം മണത്തുകൊണ്ട് അവർ ഹദ്റത്ത് ആഇശﷺക്കെതിരെ ആരോപണമുന്നയിച്ചതാണ്. അങ്ങനെ നബിﷺതിരുമേനിയുടെ ദൃഷ്ടിയിൽ ഹദ്റത്ത് ആഇശﷺയെ മോശക്കാരിയാക്കാനും തുടർന്ന് ഹദ്റത്ത് അബൂബക്റിന്ﷺമുസ്ലിമീങ്ങൾക്കിടയിലുണ്ടായിരുന്ന സ്ഥാനം ഇല്ലാതാകുമെന്നും മുസ്ലിമീങ്ങൾ അദ്ദേഹത്തോടു നീരസമുള്ളവരാകുമെന്നും അദ്ദേഹത്തോടുള്ള ആദരവ് ഉപേക്ഷിക്കുന്നവരാകുമെന്നും അവർ ആഗ്രഹിച്ചു. അങ്ങനെ നബിﷺതിരുമേനിക്കുശേഷം ഹദ്റത്ത് അബൂബക്ർﷺ ഖലീഫയാകുന്നതിനുള്ള വഴി പൂർണമായും അടയ്ക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിലെ സൂറത്തുന്നൂറിൽ ഹദ്റത്ത് ആഇശﷺക്കുമേലുള്ള ആരോപണത്തെ കുറിച്ചുള്ള സംഭവത്തിന് ശേഷം ഖിലാഫത്തിനെ സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നത്.

ഹദീഥുകളിൽനിന്ന് വ്യക്തമായി മനസ്സിലാകുന്നത് സ്വഹാബാക്കൾ പരസ്പരം സംസാരിക്കുമ്പോൾ നബിﷺതിരുമേനിക്കുശേഷം മറ്റാർക്കെങ്കിലും അവരുടെയിടയിൽ സ്ഥാനമുണ്ടായിരുന്നുവെങ്കിൽ അത് ഹദ്റത്ത് അബൂബക്റിന്റെﷺസ്ഥാനമായിരുന്നു.*(അബൂദാഊദ് കിതാബുസ്സുന്ന, ബാബു ഫിത്തഫ്ളീൽ)*

ഹദീഥുകളിൽ പറയുന്നു: നബിﷺ തിരുമേനി ഒരിക്കൽ ഹദ്റത്ത് ആഇശﷺയോടു പറഞ്ഞു: ആഇശാ! ഞാനാഗ്രഹിക്കുന്നത് അബൂബക്റിനെ എനിക്കുശേഷം നാമനിർദ്ദേശം ചെയ്യണമെന്നാണ്. പക്ഷേ, അല്ലാഹുവും വിശ്വാസികളും അദ്ദേഹത്തിലല്ലാതെ മറ്റാരുടെ കാര്യത്തിലും തൃപ്തിപ്പെടുകയില്ലെന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ ഒന്നും തന്നെ പറയുന്നില്ല.' *(മുസ്ലിം കിതാബുൽ ഫളാഇലുസ്സ്വഹാബ, ബാബു മിൻ ഫളാഇലി അബീബക്ർ)* അതായത് ഹദ്റത്ത് അബൂബക്റിനെത്തന്നെ തിരഞ്ഞെടുക്കുന്നതാണ്.

ചുരുക്കത്തിൽ സ്വഹാബാക്കൾ നബിﷺ തിരുമേനിക്കുശേഷം മറ്റാർക്കെങ്കിലും സ്ഥാനമുണ്ടെങ്കിൽ അത് ഹദ്റത്ത് അബൂബക്റിനാണെന്നും അദ്ദേഹം മാത്രമാണ് നബിﷺതിരുമേനിയുടെ ഖലീഫയാകാൻ യോഗ്യനെന്നും കരുതിയിരുന്നു.

മക്കാ ജീവിതകാലത്ത് ഭരണത്തെക്കുറിച്ചോ സംവിധാനത്തെക്കുറിച്ചോ പ്രശ്നംതന്നെ ഉദിക്കുന്നുണ്ടായിരുന്നില്ല. എന്നാൽ, മദീനയിൽ നബിﷺതിരുമേനി വന്നപ്പോൾ ഭരണം സ്ഥാപിതമായി. സ്വാഭാവികമായും മുനാഫിഖീങ്ങളുടെ ഹൃദയത്തിൽ ഒരു ചോദ്യം ഉടലെടുത്തു. നബിﷺതിരുമേനിക്കുശേഷം ആരെങ്കിലും ഖലീഫയായി ഇസ്ലാമിക സംവിധാനം നീണ്ടുപോകുമോ എന്നും അങ്ങനെ തങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെട്ടവരായിപ്പോകുമോ എന്നും അവർ ശങ്കിച്ചു. എതിരാളികളായിരുന്ന ആളുകൾ, നബിﷺ തിരുമേനി മദീനയിൽ വന്നതോടുകൂടി തങ്ങളുടെ ഒരുപാട് പ്രതീക്ഷകൾ നഷ്ടപ്പെട്ടതായി കരുതി. മദീനയിലുണ്ടായിരുന്ന അറബികളുടെ ഔസ്, ഖസ്റജ് എന്നീ രണ്ട് പ്രബല ഗോത്രങ്ങളെപ്പോഴും യുദ്ധം ചെയ്തുകൊണ്ട് രക്തച്ചൊരിച്ചിൽ നടത്തിക്കൊണ്ടിരിക്കുകയായിരുന്നുവെന്നാണ് ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്. യുദ്ധങ്ങൾ കാരണം തങ്ങളുടെ ഗോത്രങ്ങളുടെ മേൽക്കോയ്മ മാഞ്ഞുപോയി കൊണ്ടിരിക്കുകയാണെന്ന് കണ്ടപ്പോൾ അവർ പരസ്പരം രഞ്ജിപ്പിലാകാമെന്നും പരസ്പരം ഐക്യത്തോടെ വർത്തിക്കാമെന്നും ആരെയെങ്കിലും ഒരാളെ തങ്ങളുടെ നേതാവാക്കാമെന്നും തീരുമാനിച്ചു. അങ്ങനെ ഔസും, ഖസ്റജും പരസ്പരം ഐക്യത്തിലാകുകയും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ മദീനയുടെ രാജാവാക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനത്തിനുശേഷം അവർ തയ്യാറെടുപ്പുകളാരംഭിക്കുകയും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനു വേണ്ടി കിരീടമുണ്ടാക്കാൻ കൽപ്പന പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന്നിടയിൽ കുറച്ച് ഹാജിമാർ മക്കയിൽ നിന്ന് തിരിച്ചുവരികയും അവസാന കാലഘട്ടത്തിലെ നബി മക്കയിൽ വെളിപ്പെട്ടിരിക്കുന്നുവെന്നും തങ്ങൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തിരിക്കുന്നുവെന്നും വിളംബരപ്പെടുത്തി. അപ്പോൾ നബിﷺതിരുമേനിയുടെ വാദത്തെ സംബന്ധിച്ച് കിംവദന്തികൾ പരന്നു തുടങ്ങിയിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം ജനങ്ങൾ മക്കയിലെത്തി തങ്ങളുടെ ശിക്ഷണത്തിനും പ്രചാരണത്തിനും ഒരു മുഅല്ലിമിനെ അയക്കാൻ അപേക്ഷിച്ചു. അങ്ങനെ നബിﷺതിരുമേനി ഒരു സ്വഹാബിയെ മുബല്ലിഗായി അയച്ചു. മദീനയിൽ നിരവധിപേർ ഇസ്ലാമിലേക്ക് പ്രവേശിച്ചു. ആ ദിവസങ്ങളിൽ മക്കയിൽ നബിﷺതിരുമേനിക്കും സ്വഹാബത്തിനും ഒരുപാട് പ്രയാസങ്ങളുണ്ടായിരുന്നു. അതുകൊണ്ട് മദീനക്കാർ ആ മഹാത്മാവിനോടു മദീനയിലേക്ക് വരാൻ അപേക്ഷിച്ചു. തുടർന്ന് നബിﷺ തിരുമേനി സ്വഹാബക്കളോടൊപ്പം മദീനയിലെത്തി.*(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം)*അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനു വേണ്ടി തയ്യാറാക്കിക്കൊണ്ടിരുന്ന

കിരീടം പാതിവഴിയിലായി. കാരണം മദീനക്കാർക്ക് ഇരുലോകത്തിന്റേയും രാജാവിനെയാണ് കിട്ടിയത്. അതുകൊണ്ട് അവർക്ക് മറ്റൊരു രാജാവിന്റേയും ആവശ്യമില്ലായിരുന്നു.

അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ തന്റെ രാജാധികാരത്തിനുള്ള സകല സാധ്യതകളും നഷ്ടപ്പെടുന്നത് കണ്ടപ്പോൾ വളരെ കോപാകുലനായി. പ്രത്യക്ഷത്തിൽ അയാൾ മുസ്‌ലിമായെങ്കിലും എപ്പോഴും ഇസ്‌ലാമിൽ ഛിദ്രത ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. കാരണം മറ്റൊന്നുംതന്നെ ചെയ്യാൻ അയാൾക്ക് കഴിയുമായിരുന്നില്ല. അതുകൊണ്ട് അയാളുടെ ഹൃദയത്തിൽ എന്തെങ്കിലും ആഗ്രഹമുണ്ടാകുകയാണെങ്കിൽത്തന്നെ അത് നബിﷺതിരുമേനി മരണപ്പെടണമെന്നും തനിക്ക് മദീനയുടെ രാജാവാകണമെന്നും മാത്രമായിരുന്നു. എന്നാൽ, അല്ലാഹു അയാളുടെ ഈ ആഗ്രഹത്തെയും നഷ്ടപ്പെടുത്തി. കാരണം അയാളുടെ മകൻ വളരെ ആത്മാർഥതയുള്ള ആളായിരുന്നു. അതായത് അയാൾ രാജാവാകുക്യാണെങ്കിൽപ്പോലും അയാൾക്കുശേഷം ഭരണാധികാരം ഇസ്‌ലാമിലേക്കുതന്നെ വന്നുചേരുമായിരുന്നു. കൂടാതെ അല്ലാഹു മറ്റൊരു രീതിയിലും അയാൾക്ക് ക്ഷീണമുണ്ടാക്കി. മുസ്‌ലിമീങ്ങളിൽ ഒരു പുതിയ സംവിധാനം ഉടലെടുത്തപ്പോൾ അയാൾ നബിﷺതിരുമേനിയോട് വിവിധ ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങി. ഇസ്‌ലാമിന്റെ ഭരണ രീതി എന്തായിരിക്കും? താങ്കൾക്കുശേഷം ഇസ്‌ലാമിനെന്ത് സംഭവിക്കും?അപ്പോൾ മുസ്‌ലിമീങ്ങളെന്താണ് ചെയ്യേണ്ടത്? മുസ്‌ലിമീങ്ങളുടെ ഭരണം ഈ രീതിയിൽ സ്ഥാപിതമായാൽ തനിക്ക് അതിൽ ഒരു പങ്കുമുണ്ടാകില്ലെന്നു കണ്ട് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ അതിന് തടയിടാൻ ആഗ്രഹിച്ചു. അങ്ങനെ ചിന്തിച്ചപ്പോൾ ഇനി ആർക്കെങ്കിലും ഇസ്‌ലാമിക ഭരണത്തെ ഇസ്‌ലാമിക തത്ത്വങ്ങൾക്ക് വിധേയമായി നിലനിറുത്താൻ കഴിയുമെങ്കിൽ അത് ഹദ്റത്ത് അബൂബക്റിന് മാത്രമാണെന്നും നബിﷺതിരുമേനിക്കുശേഷം മുസ്‌ലിമീങ്ങളുടെ ദൃഷ്ടി അദ്ദേഹത്തിലേക്കാണ് നീളുന്നതെന്നും അവർ അദ്ദേഹത്തെ തങ്ങളെക്കാളെല്ലാം ആദരണീയനാണെന്ന് മനസ്സിലാക്കുന്നുവെന്നും അയാൾക്ക് ബോധ്യമായി. അദ്ദേഹത്തെ അപമാനിച്ചുകൊണ്ട് ജനങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹത്തെ വീഴ്ത്തുകയാണ് തനിക്ക് നല്ലതെന്നും മാത്രമല്ല അങ്ങനെ താൻ നബിﷺതിരുമേനിയുടെ ദൃഷ്ടിയിലും വീണുപോകുമെന്നും അയാൾ കരുതി. ഈ ദുർവിചാരം പൂർത്തിയാക്കുന്നതിനുള്ള അവസരം അയാൾക്ക് വീണുകിട്ടിയത് ഹദ്റത്ത് ആഇശാرضി ഒരു യുദ്ധത്തിൽ പിന്നിലായിപ്പോയ സന്ദർഭത്തിലായിരുന്നു. ആ ദുർഭഗൻ അവർക്കെതിരിൽ വളരെ മോശമായ ആരോപണങ്ങളുന്നയിച്ചു. അത് ഖുർആൻ സൂചനാ രൂപത്തിൽ വിവരിക്കുന്നുണ്ട്. പക്ഷേ, ഹദീഥുകളിൽ അതിന്റെ വിശദീകരണവും ലഭ്യമാണ്. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ഇങ്ങനെ ഹദ്റത്ത് അബൂബക്റിനെ ജനദൃഷ്ടിയിൽ മോശക്കാരനാക്കാമെന്നും നബിﷺതിരുമേനിയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം വഷളാക്കാമെന്നും അങ്ങനെ ഈ സംവിധാനത്തിനിടയിൽ ഉണ്ടാകുമെന്നും അയാൾ കരുതി. അത് സ്ഥാപിതമാകുകയാണെങ്കിൽ തന്റെ പ്രതീക്ഷകളില്ലാതാകുമെന്നും അയാൾ ചിന്തിച്ചു. കാരണം മുനാഫിഖീങ്ങൾ തങ്ങളുടെ മരണം വളരെ വിദൂരതയിലാണെന്ന് കരുതുന്നു. അതേസമയം മറ്റുള്ളവരുടെ മരണത്തെക്കുറിച്ച് കണക്കുകൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ അബ്ദുല്ലാഹ് തന്റെ മരണം വിദൂരത്തിലാണെന്ന് കരുതി. നബിﷺതിരുമേനിയുടെ ജീവിതകാലത്തുതന്നെ അയാൾ വളരെ ദുരിതം അനുഭവിച്ചു മരിക്കുമെന്ന് കരുതിയില്ല. നബിﷺതിരുമേനി മരണപ്പെട്ടാൽ തനിക്ക് അറബികളുടെ രാജാവാകാമെന്ന് അയാൾ ചിന്തിച്ചു കൊണ്ടിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്റിന്റെ നന്മയും ഭയഭക്തിയും ശ്രേഷ്ഠതയും മുസ്‌ലിമീങ്ങൾ അംഗീകരിച്ചു വരുന്നതായും അയാൾ കാണുന്നുണ്ടായിരുന്നു. നബിﷺതിരുമേനി നമസ്കരിക്കാൻ എത്താത്തപ്പോൾ ഹദ്റത്ത് അബൂബക്റാണ് നബിﷺതിരുമേനിയുടെ സ്ഥാനത്ത് നമസ്കരിപ്പിച്ചത്. നബിﷺതിരുമേനിയോട് എന്തെങ്കിലും മതവിധി ചോദിക്കാൻ കഴിയാതെ വരുമ്പോൾ മുസ്‌ലിമീങ്ങൾ ഹദ്റത്ത് അബൂബക്റിനോടാണ് ചോദിച്ചിരുന്നത്. ഇതെല്ലാം കണ്ടപ്പോൾ രാജാവാകാൻ കൊതിച്ചു കൊണ്ടിരുന്ന അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന് കടുത്ത ആശങ്കയായി. അയാൾ അതിനൊരു പരിഹാരം ആഗ്രഹിച്ചു. അങ്ങനെ പരിഹാരം എന്ന നിലയ്ക്ക് ഹദ്റത്ത് അബൂബക്റിന്റെ പ്രശസ്തിയും മഹത്ത്വവും ശ്രേഷ്ഠതയും മുസ്‌ലിമീങ്ങളുടെ ദൃഷ്ടിയിൽനിന്ന് ഇല്ലാതാക്കുന്നതിനും അയാൾ ഹദ്റത്ത് ആഇശرضക്കെതിരിൽ ആരോപണമുന്നയിച്ചു. അങ്ങനെ ഹദ്റത്ത് ആഇശرضക്കെതിരിൽ ആരോപണമുണ്ടാകുമ്പോൾ നബിﷺതിരുമേനിക്ക് ഹദ്റത്ത് ആഇശرضയോടു വെറുപ്പുണ്ടാകുമെന്നും ഹദ്റത്ത് ആഇശرضയോടുള്ള വെറുപ്പു കാരണം ഹദ്റത്ത് അബൂബക്റിന് നബിﷺതിരുമേനിയുടെയും മുസ്‌ലിമീങ്ങളുടെയും ദൃഷ്ടിയിലുള്ള അന്തസ്സിൽ കുറവു വരുമെന്നും അങ്ങനെ പിന്നീട് അദ്ദേഹം ഖലീഫ ആകുന്നതിനുള്ള സാധ്യതപോലും ഉണ്ടാകില്ലെന്നും അയാൾ കരുതി.' *(തഫ്സീർ കബീർ, വാള്യം 8, പേജ് 519-524 തഫ്സീർ സൂറ നൂർ ആയത്ത് 30)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رض ഇഫ്ക് (അപവാദപ്രചാരണ)സംഭവത്തിന് ശേഷം ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തുമായുള്ള ബന്ധത്തെ വിവരിച്ചുകൊണ്ടു തുടർന്നെഴുതുന്നു: സൂറത്ത് നൂറിന്റെ പ്രാരംഭം മുതൽ അവസാനംവരെയും ഒരേ വിഷയമാണ് വിവരിച്ചിട്ടുള്ളത്. ഏറ്റവുമാദ്യം ഹദ്റത്ത് ആഇശرضയ്ക്കെതിരെ ഉയർന്ന ആരോപണമാണുള്ളത്. ഹദ്റത്ത് ആഇശرضക്കെതിരിൽ ആരോപണം ഉന്നയിച്ചവരുടെ യഥാർഥ ലക്ഷ്യം ഹദ്റത്ത് അബൂബക്റിനെ മോശക്കാരനായി ചിത്രീകരിക്കുകയും നബിﷺതിരുമേനിയുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിൽ വിള്ളൽ വീഴ്ത്തുകയും അതുമുഖേന മുസ്‌ലിമീങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന്റെഅന്തസ്സിനുകോട്ടംതട്ടിക്കുകയുംനബിﷺതിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹത്തിന് ഖലീഫയാകാനുള്ള അവസരം ഇല്ലാതാക്കുകയുമായിരുന്നു. കാരണം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ, നബിﷺതിരുമേനിക്കുശേഷം മുസ്‌ലിമീങ്ങളുടെ ദൃഷ്ടി ഹദ്റത്ത് അബൂബക്റിലേക്ക് മാത്രമാണ് ഉയരുന്നതെന്ന് കണ്ടിരുന്നു. അങ്ങനെ ഹദ്റത്ത് അബൂബക്ർرضമുഖേന ഖിലാഫത്ത് സ്ഥാപിതമാവുകയാണെങ്കിൽ രാജാവാകാനുള്ള തന്റെ സ്വപ്നമൊരിക്കലും പൂവണിയുകയില്ലെന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മനസ്സിലാക്കി. അതുകൊണ്ട് അല്ലാഹു ഈ ആരോപണത്തിന്റെ തൊട്ടടുത്തുതന്നെ ഖിലാഫത്തിനെ കുറിച്ച് പരാമർശിച്ചിരിക്കുന്നു. പറയുന്നു: ഖിലാഫത്ത് രാജാധികാരമല്ല, ഇത് ദൈവിക പ്രകാശത്തെ നിലനിറുത്തുന്നതിനുള്ള മാർഗമാകുന്നു. അതുകൊണ്ട് അതിന്റെ സ്ഥാപനം അല്ലാഹു തന്റെ കൈകളിലാണ് വെച്ചിട്ടുള്ളത്. അത് നഷ്ടപ്പെടുക എന്നാൽ, പ്രവാചക പ്രകാശവും ദൈവിക പ്രകാശവും നഷ്ടപ്പെടുക എന്നതുതന്നെയാണ്.

അതുകൊണ്ട് ഈ പ്രകാശത്തെ അവൻ തീർച്ചയായും നിലനിറുത്തുകയും താനിഷ്ടപ്പെട്ടവരെ ഖലീഫയാക്കുകയുംചെയ്യും. മാത്രമല്ല മുസ്‌ലിമീങ്ങളിൽനിന്ന് ഒരാളെയല്ല പലരെയും ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ചുകൊണ്ട് ഈ പ്രകാശത്തിന്റെ കാലഘട്ടത്തെ ദീർഘിപ്പിക്കുന്നതാണെന്നും അവൻ വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ ആക്ഷേപമുന്നയിക്കുന്നെങ്കിൽ ഉന്നയിച്ചുകൊള്ളുക. നിങ്ങൾക്ക് ഖിലാഫത്തിനെ ഇല്ലാതാക്കുന്നതിനോ ഹദ്റത്ത് അബൂബക്റിനെ ഖിലാഫത്തിൽനിന്ന് ഒഴിവാക്കാനോ സാധ്യമല്ല.


• ഹദീഥുന്നബ്‌വി(സ) •

"അസ്സ്വബ്റു രിളൻ."
വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

"അൽമത്ഊനു ശഹീദുൻ."
പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

കാരണം ഖിലാഫത്ത് ഒരു പ്രകാശമാകുന്നു. ആ പ്രകാശം ദൈവിക പ്രകടനത്തിനുള്ള ഒരു മാർഗമാകുന്നു. അതിനെ മനുഷ്യന് തന്റെ ഉപായങ്ങൾ മുഖേന എങ്ങനെ ഇല്ലാതാക്കാൻ കഴിയും?' *(തഫ്സീർ കബീർ വാല്യം 8, പേജ് 526, സൂറത്തുന്നൂർ, ആയത്ത് 36)*

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: പ്രവാചകന്മാരുടെ അവസ്ഥയും ഇതുതന്നെയാണ്. അല്ലാഹു ഏതെങ്കിലും കാര്യത്തെക്കുറിച്ച് അറിവ് നൽകുമ്പോൾ അവർ അതിൽനിന്ന് പിന്മാറുകയോ അത് സ്വീകരിക്കുകയോ ചെയ്യുന്നു. നോക്കുക! ഹദ്റത്ത് ആഇശരَയെ സംബന്ധിച്ചു ഇഫ്ക് അഥവാ അപവാദപ്രചാരണമുണ്ടയപ്പോൾ തുടക്കത്തിൽ ഒരു അറിയിപ്പും ലഭ്യമായിരുന്നില്ല. എത്രത്തോളമെന്നാൽ ഹദ്റത്ത് ആഇശرَ തന്റെ പിതാവിന്റെ വീട്ടിൽപോയി. നബിﷺ തിരുമേനിയും അവരോടു പറഞ്ഞു: 'എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ തൗബ ചെയ്യുക.' ഈ സംഭവങ്ങൾ കാണുമ്പോൾ വ്യക്തമായി മനസ്സിലാകുന്ന കാര്യം നബിﷺതിരുമേനിക്ക് എത്രമാത്രം പരിഭ്രമമുണ്ടായിരുന്നുവെന്നാണ്. എന്നാൽ, ഒരു സമയംവരെയും അതിന്റെ രഹസ്യം നബിﷺതിരുമേനിക്ക് വെളിപ്പെട്ടില്ല. പക്ഷേ, അല്ലാഹുതന്നെ നിരപരാധിത്വം വ്യക്തമാക്കിക്കൊണ്ടു പറഞ്ഞു: **അൽഖബീഥാത്തു ലിൽഖബീഥീന വൽഖബീഥൂന ലിൽഖബീഥാത്തി വത്ത്വയ്യിബാത്തു ലിത്ത്വയ്യിബീന വത്ത്വയ്യിബൂന ലിത്ത്വയ്യിബാത്തി**(24:27)

അപ്പോഴാണ് നബിﷺതിരുമേനിക്ക് ഇഫ്കിന്റെ(ദോഷാരോപണത്തിന്റെ) യാഥാർഥ്യം മനസ്സിലായത്. അതുകൊണ്ട് നബിﷺതിരുമേനിയുടെ അന്തസ്സിന് വല്ല വ്യത്യാസവും വന്നുവോ? ഒരിക്കലുമില്ല. ഇത്തരത്തിൽ സംശയിക്കുന്നവർപോലും അക്രമിയും ദൈവാഭിമുഖ്യമില്ലാത്തവരുമാണ്. ഇത് കുഫ്റിലേക്ക് നയിക്കുന്നതാണ്. തങ്ങൾ അദൃശ്യകാര്യങ്ങൾ അറിയുന്നവരാണെന്ന് നബിﷺതിരുമേനിയോ മറ്റു പ്രവാചകന്മാരോ വാദിച്ചിട്ടില്ല. അദൃശ്യകാര്യങ്ങൾ അറിയുക എന്നത് അല്ലാഹുവിന്റെ പ്രൗഢിയാകുന്നു. ഇവർ പ്രവാചകചര്യയെ കുറിച്ച് അറിവുള്ളവരും ബോധവാന്മാരുമാണെങ്കിൽ ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുമായിരുന്നില്ല.' *(മൽഫൂദാത്ത് വാല്യം 3, പേജ് 316 പ്രസാധനം 2022)*നബിﷺതിരുമേനിക്കുമേൽ ആരോപണമുന്നയിക്കുന്നവർക്ക് വായടപ്പൻ മറുപടിയാണ് അദ്ദേഹം നൽകിയത്.

റസൂലുല്ലാഹ്ﷺ, ഔസ്, ഖസ്റജ് ഗോത്രങ്ങൾക്കിടയിൽ സന്ധിയുണ്ടാക്കിയതിനെ സംബന്ധിച്ചും പരാമർശമുണ്ട്. അവർക്കിടയിൽ വളരെയേറെ വെറുപ്പുണ്ടായിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: റസൂലുല്ലാഹിﷺ കുറച്ച് ദിവസത്തിനുശേഷം ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ കൈ പിടിച്ചു, ഏതാനും സ്വഹാബാക്കളോടൊപ്പം അദ്ദേഹത്തെയും കൂട്ടി ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ അടുക്കലെത്തി. അവിടെ കുറച്ചുനേരം സംസാരിച്ചിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ ഭക്ഷണം നൽകുകയും നബിﷺതിരുമേനിയും സഅ്ദ് ബിൻ മുആദും സ്വഹാബാക്കളോടൊപ്പം അതിൽനിന്ന് ഭക്ഷിക്കുകയും ചെയ്തു. പിന്നീട് തിരിച്ചു പോയി. അതിനുശേഷം കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ കൈ പിടിച്ചു, ഏതാനും സ്വഹാബാക്കളോടൊപ്പം അദ്ദേഹത്തെയും കൂട്ടി ഇത്തവണ ഹദ്റത്ത്

ശേഷം പേജ് 8 ൽ

പേജ് 1 ൽ നിന്ന്

ലാക്കുന്നവർ തെറ്റാണ് ചെയ്യുന്നത്. അല്ലാഹു വ്യക്തമായനിലയിൽ പറയുന്നു, സ്വയം മൃഗങ്ങളെ അറുക്കുകയും സ്വയംതന്നെ തിന്നുകയും ചെയ്യുന്നതിൽ ഒരു കാര്യവുമില്ല. അതുകൊണ്ട് അല്ലാഹുവിനെന്താണ്? ഇത് ആലങ്കാരികഭാഷയിലുള്ള ഒരു യാഥാർഥ്യത്തിന്റെ പ്രകടനമാണ്. ഇതിന്റെ ഉള്ളിൽ അഗാധമായ യുക്തി മറഞ്ഞിരിക്കുന്നുണ്ട്; ചിത്രകാരൻ എപ്പോഴും ചിത്രങ്ങൾ വരയ്ക്കുന്നതുപോലെ! അദ്ദേഹത്തിന്റെ ഉദ്ദേശ്യം ചിത്രം വരയ്ക്കുക എന്നതു മാത്രമല്ല. പ്രത്യുത അവ മുഖേന ജനതയുടെ മുമ്പിൽ ചില സുപ്രധാന വിഷയങ്ങൾ അവതരിപ്പിക്കുക എന്നതാണ്. അങ്ങനെ ചിലപ്പോൾ അയാൾ ചങ്ങലകൾ വരയ്ക്കുന്നു. അതിന്റെ ഉദ്ദേശ്യം ദേശീയ ഐക്യമാണ്. ഇപ്രകാരം ഈ ബാഹ്യമായി നടത്തപ്പെടുന്ന ബലിയും ഒരു ആലങ്കാരിക ഭാഷയാണ്. മൃഗത്തെ ബലി അറുക്കുന്നവൻ തന്റെ ആത്മാവിന്റെ ബലി സമർപിക്കാൻ തയ്യാറാണെന്നുള്ളതാണ് ഇതിന്റെ ഉള്ളടക്കം. അതിനാൽ ആരാണോ ബലി ചെയ്യുന്നത്, താനും അല്ലാഹുവിന്റെ വഴിയിൽ സകലതും ബലികഴിക്കുമെന്ന കാര്യം പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനുശേഷം രണ്ടാമത്തെ സ്റ്റെപ്പെന്ന് പറയുന്നത് മനുഷ്യൻ ഏതൊരു കാര്യത്തെ സംബന്ധിച്ചാണോ ആലങ്കാരികഭാഷയിൽ സമ്മതിക്കുന്നത് കർമപരമായും അത് പൂർത്തിയാക്കി കാണിക്കേണ്ടതാണ്. കാരണം യാഥാർഥ്യമൊന്നുമില്ലാത്ത വെറും കോപ്പിയടി ഏതെങ്കിലും മാന്യതയ്ക്കുള്ള കാരണമാകുകയില്ല. അവസാനം തിയറ്റർകാരെ മാന്യന്മാർ എന്തുകൊണ്ടാണ് ഇഷ്ടപ്പെടാത്തത്. കാരണം തിയറ്ററിൽ അഭിനയിക്കുന്നവൻ രാജാവാകുമ്പോൾ അവന് ഒരു യഥാർഥസ്ഥിതിയും ഉണ്ടാകുകയില്ല. പക്ഷേ, യഥാർഥ രാജാവിനെ എല്ലാവരും ബഹുമാനിക്കുന്നു. തിയറ്ററിൽ രാജാവാകുന്നവൻ കർമപരമായ ജീവിതത്തിൽ അതിനുവേണ്ടി ശ്രമിക്കുകയാണെങ്കിൽ അയാൾ മോശക്കാരനായി മനസ്സിലാക്കപ്പെടുകയില്ല. എന്നാൽ, കേവലം അഭിനയം ഒരു ആദരവിനും കാരണമാകുകയില്ല.

ഇപ്രകാരം ആടുകളെ ബലികഴിക്കുന്നതിനോടൊപ്പം തന്റെ ശരീരേച്ഛയേയും ബലികഴിക്കുന്നവൻ മാന്യന്മാരുടെ പക്കൽ ബഹുമാനിതനാണ്. എന്നാൽ, ആടിനെ അറുത്തുകൊണ്ടുമാത്രം മതിയാക്കുന്നവൻ അഭിനയിക്കുന്നവനും കോമാളിയുമാണ്. അതുകൊണ്ട് അവൻ ഒരു ആദരവിനും അർഹനല്ല. പിന്നീട് ചിന്തിച്ചു നോക്കുകയാണെങ്കിൽ അറിയാൻ കഴിയുന്നതായിരിക്കും നിത്യവും മൃഗങ്ങളെ അറുക്കുന്ന ശീലക്കാരായി കഴിഞ്ഞിട്ടുള്ള ഇറച്ചിവെട്ടുകാർക്കു പുറമെ മറ്റുള്ളവരുടെ സ്വഭാവത്തിൽ മൃഗത്തെ അറുക്കുന്നതുകണ്ട് ആഴത്തിലുള്ളൊരു സ്വാധീനമുണ്ടാകുന്നു. അവരുടെ ചിന്താഗതികളിൽ ഒരു വമ്പിച്ച ക്ഷോഭമുണ്ടാകുന്നു. എത്രത്തോളമെന്നാൽ ഇതേ സ്വാധീനമനുസരിച്ച ചില ജനതകൾ ബലികർമത്തെ ദ്രോഹമെന്ന് നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു. അവരുടെ ഈ കർമം ദൗർബല്യതയുടെ ലക്ഷണമാണ്. എന്നാൽ, ബലിയുടെ സ്വാധീനം സ്വഭാവത്തിൽ തീർച്ചയായും പതിയുന്നുവെന്നതിലൊരു സംശയവുമില്ല. ഈ സ്വാധീനമുണ്ടാക്കുന്നതിനുവേണ്ടിയാണ് ബലികർമം ആരാധനയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്. അതായത് ബലികർമം മുഖേന എല്ലാ മനുഷ്യരും, എപ്രകാരം തന്നെക്കാൾ തരംതാണ ഈ മൃഗം തനിക്കുവേണ്ടി ബലിയായോ അതേപോലെ താനും തന്നെക്കാൾ ഉന്നതമായ കാര്യത്തിനുവേണ്ടി തന്റെ ജീവൻ നൽകേണ്ടിവന്നാൽ താനും സന്തോഷത്തോടെ തന്റെ ജീവൻ നല്കുന്നതായിരിക്കുമെന്ന് ഏറ്റു പറയുന്നു. ഇനി ചിന്തിക്കുക. ബലികർമത്തിന്റെ ഈ യുക്തി മനസ്സിലാക്കിക്കൊണ്ട് ബലികഴിക്കുന്നവന്റെ സ്വഭാവത്തിൽ അതിന്റെ എത്രമാത്രം അഗാധമായ സ്വാധീനം പതിയുന്നതായിരിക്കും. തന്നെ സൃഷ്ടിച്ചവനിൽനിന്ന് തന്നിലെത്തിയ ഈ നിർബന്ധ കടമ അയാൾ എങ്ങനെ ഓർമിക്കുന്നതായിരിക്കും. ഈ ബലിയുടെ ഓർമ അയാളുടെ മനസ്സിൽ എപ്പോഴും പുതുപുത്തനായി നിലകൊള്ളുന്നതായിരിക്കും. അവന്റെ മനസ്സ് അവനോടു പറയുന്നതായിരിക്കും നോക്കൂ!നീ നിന്റെ കൈകൊണ്ട് ആടിനെ അറുത്ത്, താഴ്ന്ന വസ്തു ഉയർന്നതിനുവേണ്ടി ബലികഴിക്കപ്പെടുന്നുവെന്ന കാര്യം സമ്മതിച്ചതായിരുന്നു. ഇപ്പോൾ നീയും ഈ ബലിയ്ക്കുവേണ്ടി തയ്യാറായിരിക്കേണ്ടതാണ്. അത് സത്യസന്ധത സ്ഥാപിക്കുന്നതിനുവേണ്ടി അല്ലെങ്കിൽ മനുഷ്യകുലത്തിന്റെ ബുദ്ധിമുട്ടുകൾ അകറ്റുന്നതിനുവേണ്ടി നിനക്ക് ചെയ്യേണ്ടിവരും. ഇതേ വിഷയമാണ് അല്ലാഹു ഈ ആയത്തിൽ വിവരിച്ചിട്ടുള്ളത്. അല്ലാഹുവിന് നിങ്ങളുടെ ബലിയുടെ മാംസമെ ത്തുന്നില്ല, രക്തവുമെത്തുന്നില്ല. പ്രത്യുത ദൈവഭയം മുന്നിൽകണ്ടുകൊണ്ടുള്ള നിന്റെ സദുദ്ദേശ്യമാണ് അല്ലാഹുവിനെത്തുന്നത്. അതായത് ഏതൊന്നതിനുവേണ്ടി നീ ബലികഴിച്ചുവോ ആ ഉദ്ദേശ്യം പൂർത്തിയാക്കുകയാണെങ്കിൽ ഫലമുണ്ട്. അല്ലാതെ മാംസം കഴിക്കുന്നതിനും രക്തമൊഴുക്കുന്നതിനുമുള്ള ജോലിയാണ് നിന്നിൽനിന്നുണ്ടായിട്ടുള്ളതെങ്കിൽ അതിന് യഥാർഥമായ ഒരു ഫലവുമില്ല.'(തഫ്സീറെ കബീർ വാല്യം 6, പേജ് 57, പ്രസാധനം ഖാദിയാൻ 2010)


• ഹദീഥുന്നബ്‌വി(സ) •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി(സ) •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ലേഖനം

# സൂറഃ ഫാത്വിഹയുടെ നാമങ്ങൾ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)**

(കഴിഞ്ഞലക്കം തുടർച്ച.....)

**ദജ്ജാൽ വധിക്കപ്പെടുന്ന കാലഘട്ടം:**

ബാത്വിൽ അഥവാ അസത്യം നശിച്ചൊടുങ്ങുന്ന അക്കാലം ഇപ്പോൾ വന്നിരിക്കുകയാണ്. കളവും അന്ധകാരവും അവശേഷിക്കുകയില്ല. ഇസ്‌ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും മാഞ്ഞുപോകുന്നതായിരിക്കും. ആദ്യം ദ്രോഹവും സത്യനിഷേധവും കൈയേറ്റവും കളവുംകൊണ്ട് നിറഞ്ഞിരുന്നതുപോലെ ഇപ്പോൾ നീതിയും ന്യായവും പ്രകാശവുംകൊണ്ട് ഭൂമി നിറയുന്നതായിരിക്കും. നശിപ്പിക്കുമെന്നുള്ള വാഗ്ദാനം ആദ്യമെതന്നെ നല്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ദജ്ജാലിന്റെ ഇക്കൂട്ടത്തെ ഇക്കാലത്ത് വധിക്കുന്നതായിരിക്കും. വധംകൊണ്ട് നാം ഉദ്ദേശിക്കുന്നത് അവരുടെ ശക്തി തകർക്കുകയും അവരുടെ തടവിൽ കഴിയുന്നവരെ മോചിപ്പിക്കുകയും ചെയ്യുക എന്നതുമാത്രമാണ്. പറഞ്ഞതിന്റെ ചുരുക്കം ശയ്ത്വാനെറജീം എന്നു പറയുന്നത് കൊണ്ടുള്ള ഉദ്ദേശ്യം പണ്ടുപണ്ടേയുള്ള നികൃഷ്ടനായ ദജ്ജാലാണ്; അവനെ വധിക്കുക എന്നത് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. അത് ആദ്യമെ വിധിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള സുപ്രധാന കാര്യമായിരുന്നു. അതുകൊണ്ട് മുസ്‌ലിമീങ്ങൾ അവരുടെ മനസ്സിൽ ഉറച്ചിരിക്കുന്നതിന് സൂറ ഫാത്തിഹയും ബിസ്മിയും ഓതുന്നതിനുമുമ്പേ **അഊദു ബില്ലാഹി മിനശ്ശയ്ത്വാനിർറജീം** എന്ന് ഓതേണ്ടത് വാജിബായി നിശ്ചയിച്ചിരിക്കുന്നു. ദജ്ജാലിന്റെ കാലഘട്ടം ഈ ജനതയുടെ കാലഘട്ടത്തെ മറികടന്നുപോകുകയില്ല. ഈ ഏഴു ആയത്തിന്റെ അവസാന വചനത്തിൽ അതാണ് പറയപ്പെട്ടിട്ടുള്ളത്. അഭിശപ്തനായ ശയ്ത്വാൻ അവസാന കാലത്ത് വധിക്കപ്പെടുന്നതായിരിക്കുമെന്നത് ആരംഭകാലംമുതലേയുള്ള അല്ലാഹുവിന്റെ വിധിയാണ്. ഈ വിഷമുള്ള പെരുമ്പാമ്പിന്റെ ദംശനത്തിൽനിന്ന് ജനങ്ങൾ രക്ഷപ്രാപിക്കും. ഇപ്പോൾ കാലം അതിന്റെ പാരമ്യഘട്ടത്തിലെത്തിയിരിക്കുന്നു. ലോകത്തിന്റെ ആയുസ്സ് 'സബ്ഉൽമഥാനി'യിലെ ഏഴു ആയത്തുപോലെ, സൂര്യവർഷവും ചന്ദ്ര വർഷവും അനുസരിച്ച് ഏഴായിരത്തിലെ ത്തിയിരിക്കുന്നു. ഇന്ന് ഈ റജീമായശയ്ത്വാൻ പ്രതിച്ഛായപരമായ വസ്ത്രത്തിന്റെ നില ഉൾക്കൊണ്ട് സംഘരൂപത്തിൽ വെളിപ്പെട്ടിരിക്കുകയാണ്. മാർഗഭ്രംശം അഥവാ വഴികേട് ഈ ജനതയിൽ അവസാനിച്ചിരിക്കുന്നു. അതിന്റെ വിവരണമാണ് സൂറഫാത്തിഹായുടെ അവസാന വാക്കുകളിൽ വന്നിരിക്കുന്നത്. നിർമലപ്രകൃതക്കാർക്കുമാത്രമെ ഇത് മനസ്സിലാകുകയുള്ളു.(പേജ് 26)

**ദജ്ജാൽ വധിക്കപ്പെടുന്നത് അല്ലാഹുവിന്റെ ഫള്ൽകൊണ്ടു മാത്രമായിരിക്കും:**

**വലാ യുഖ്ത്തലുദ്ദജ്ജാല ഇല്ലാ ബിൽഹർബത്തിസ്സമാവിയ്യത്തി** ഈ ദജ്ജാൽ നശിപ്പിക്കപ്പെടുന്നത് ദൈവിക ആയുധംകൊണ്ടു മാത്രമായിരിക്കും. **അയ് ബി ഫള്ലിൻമ്മിനല്ലാഹി ലാ ബിത്ത്വാവത്തിൽബശരിയ്യ** അല്ലാഹുവിൽനിന്നുള്ള ഫള്ലുകൊണ്ടുമാത്രമായിരിക്കും; മനുഷ്യശക്തി കൊണ്ടല്ല. **ഫലാ ഹർബ വലാ ളർബ** ഒരു യുദ്ധവുമുണ്ടാകുകയില്ല. ഒരു ലഹളയും ഉണ്ടാകുകയില്ല. പ്രത്യുത അല്ലാഹുവിൽനിന്ന് സംഭവിക്കുന്ന ഒരു കാര്യമായിരിക്കുമത്. **വകാന ഹാദദ്ദജ്ജാലു യബ്അഥു ബഅ്ള ദറാരീഹി ഫീ കുല്ലി മിഅ്ത്തിൻ** ഈ ദജ്ജാൽ(ശയ്ത്വാൻ) തന്റെ സന്താനങ്ങളിൽനിന്ന് ഓരോ നൂറ്റാണ്ടിലും, സത്യവിശ്വാസികളേയും ഏകദൈവവിശ്വാസികളേയും സാത്വികരേയും സത്യമാർഗത്തിൽ നിലകൊള്ളുന്നവരേയും അതിന്റെ അന്വേഷകരേയും വഴിപിഴപ്പിക്കാൻ ചിലരെ നിശ്ചയിക്കുന്നു. **വ യഹുദ്ദ മബാനിയദ്ദീനി** ദീനിന്റെ കെട്ടിടങ്ങളെ വീഴ്ത്തുന്നതിനും **വ യജ്അലസ്സുഹ്ഫല്ലാഹി യിളീൻ** അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ തകർത്തു തരിപ്പണമാക്കുന്നതിനും. ആ ദജ്ജാലിനെ അവസാനകാലത്ത് വധിക്കുമെന്നുള്ള വാഗ്ദാനമുണ്ടായിരുന്നു. **വ യഗ്‌ലിബുസ്സ്വലാഹു അലത്ത്വലാഹി വത്ത്വുഗ്‌യാൻ** എല്ലാ തരത്തിലുള്ള തിന്മയേയും ധിക്കാരത്തേയും നന്മ അതിജയിക്കുന്നതായിരിക്കും. **വ യുബദ്ദലുൽഅർളു** ഭൂമി മാറ്റപ്പെടുന്നതായിരിക്കും. **വ യതൂബു അക്ഥറുന്നാസി ഇലർറഹ്മാൻ** ഭൂരിഭാഗമാളുകളും റഹ്മാനിലേക്ക് മാനസാന്തരപ്പെട്ടു മടങ്ങുന്നതായിരിക്കും. **വ തുശ്‌രിഖുൽഅർളു ബിനൂരി റബ്ബിഹാ** ഭൂമി അതിന്റെ റബ്ബിന്റെ വെളിച്ചത്താൽ പ്രകാശിക്കുന്നതായിരിക്കും. **വ തഖ്‌റുജുൽഖുലൂബു മിൻ ള്ളുലുമാത്തി** ശ്ശയ്ത്വാൻ ഖൽബുകൾ സാത്താനികമായ അന്ധകാരങ്ങളിൽനിന്ന് പുറത്തുവരുന്നതായിരിക്കും. **ഫഹാദാ ഹുവ മൗത്തുൽ ബാത്വിൽ** അസത്യന്റെ മരണം അതു തന്നെയാണ്. വ മൗത്തുദ്ദജ്ജാലി ദജ്ജാലിന്റെ വധവും. വ ഖത്‌ലു ഹാദഥ്ഥുഅ്ബാൻ ആ ഭീമാകാരനായ പെരുമ്പാമ്പിന്റെ വധവും.

**ദജ്ജാൽ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു വ്യക്തിയല്ല:**

ദജ്ജാൽ ഒരു വ്യക്തിയാണെന്നും അയാൾ ഒരു കാലത്ത് വധിക്കപ്പെടുമെന്നും ആളുകൾ പറയുന്നു. ഒരിക്കലും അങ്ങനെയല്ല. പ്രത്യുത ദജ്ജാൽ ബഹിഷ്കരിക്കപ്പെട്ട ശയ്ത്വാനാണ്. അവൻ തിന്മകളുടെ ഉത്ഭവ സ്ഥാനമാണ്. അവനെ അവസാന കാലത്ത് അജ്ഞതകൾ അകറ്റുന്നതിലൂടേയും തിന്മകൾ വിപാടനം ചെയ്യുന്നതിലൂടേയും വധിക്കുന്നതായിരിക്കും. ഇതു റഹ്മാനായ അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണ്. അല്ലാഹുവിന്റെ വാക്കുകളായ അശ്ശയ്ത്വാനിർറജീം എന്നതിൽ അതിലേക്കാണ് സൂചനനല്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ദൈവത്തിന്റെ പ്രവചനം സത്യസന്ധതയും നീതിനിഷ്ഠയുംകൊണ്ട് ഇക്കാലത്ത് പൂർത്തിയായിരിക്കുന്നു. അല്ലാഹു ഇസ്‌ലാമിനോടു-അതിനുമേൽ വിപത്തുകളും ബുദ്ധിമുട്ടുകളും വന്നുഭവിച്ചതിനുശേഷം ദയാവായ്പ് കാണിച്ചു. അങ്ങനെ കുഴപ്പമുണ്ടാക്കി പിന്നാക്കം മാറികളയുന്ന ശയ്ത്വാനെ വധിക്കുന്നതിനും ഈ കലഹം അവസാനിപ്പിക്കുന്നതിനുംവേണ്ടി അല്ലാഹു തന്റെ മസീഹിനെ ഇറക്കി.

**ശയ്ത്വാന്റെ നാമം റജീം എന്ന് വെച്ചതിലുള്ള യുക്തി:**

പ്രവചനമെന്ന നിലയിലാണ് ശയ്ത്വാന്റെ നാമം റജീം എന്ന് വെക്കപ്പെട്ടിട്ടുള്ളത്. കാരണം റജം എന്നതിന്റെ അർഥം സംശയവും സന്ദേഹവും ഒന്നുംകൂടാതെ വധിക്കുക എന്നാണ്. ദജ്ജാൽ പ്രതാപവാനായ അല്ലാഹുവിന്റെ മസീഹ് ഇറങ്ങുന്ന കാലത്ത് വധിക്കപ്പെടണമെന്നാണ്‌വിധി. അതുകൊണ്ട് അല്ലാഹു ആ സംഭവം ഉണ്ടാകുന്നതിനുമുമ്പേതന്നെ വഴികേട് കാലത്തെ ഭയന്നുകൊണ്ടിരിക്കുന്നവർക്ക് സമാധാനത്തിന്റേയും സുവാർത്തയുടേയും വിവരം നല്കി. (പേജ് 27-28)

**അയ്യാമുസ്സുൽഹ്** എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)സൂറ ഫാത്തിഹയുടെ അർഥം ഇപ്രകാരം എഴുതുന്നു:

**ബിസ്മില്ലാഹിർറഹ്മാനിർറഹീം.**

**അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അർറഹ്മാനിർറഹീം. മാലിക്കിയൗമിദ്ദീൻ. ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ. ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം. സ്വിറാത്തല്ലദീന അൻ**

**• ഹദീഥുന്നബ്‌വി(സ) •**

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

**അംത അലയ്ഹിം ഗയ്രിൽമഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ**

തർജമ: ദൈവം, അവന്റെ നാമം അല്ലാഹു എന്നാകുന്നു. എല്ലാതരത്തിലുള്ള സ്തുതികൾക്കും അവൻ അർഹനാകുന്നു. എല്ലാ ഓരോ സ്തുതിയും അവന്റെ പ്രതാപത്തിന് അനുയോജ്യമാണ്. കാരണം അവൻ റഹ്മാനാണ്. അവൻ റഹീമാണ്. അവൻ മാലിക്കിയൗമിദ്ദീനാണ്. ഞങ്ങൾ(സമ്പൂർണമായ സവിശേഷതകളുള്ളവനേ!) നിന്നെ മാത്രം ആരാധിക്കുന്നു. സഹായവും നിന്നിൽനിന്നു മാത്രം തേടുന്നു. നിന്റെ അനുഗ്രഹമുണ്ടായിട്ടുള്ളവരുടെ ആ നേരായ മാർഗം ഞങ്ങൾക്കു കാണിച്ചു തന്നാലും. നിന്റെ കോപം, പ്ലേഗ് തുടങ്ങിയ ശിക്ഷകൾക്ക് ഭൂമിലോകത്തുതന്നെ പാത്രമായവരുടെ വഴികളിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും. ഇഹലോകത്ത് ഒരു ശിക്ഷയ്ക്കും പാത്രമായിട്ടില്ലെങ്കിലും പരലോകമോക്ഷത്തിന്റെ വഴിയിൽനിന്നകന്നു കിടക്കുകയും അവസാനം ശിക്ഷയിൽ അകപ്പെടുകയും ചെയ്യുന്നവരുടെ വഴികളിൽനിന്നും രക്ഷിച്ചാലും.

**ബിസ്മില്ലാഹിർറഹ്മാനിർറഹീം.**

ഈ ആയത്ത് സൂറഫാത്തിഹായുടെ ആയത്തുകളിലൊന്നാണ്. വിശുദ്ധ ഖുർആനിലെ മറ്റു സൂറത്തുകളിലും ഇത് എഴുതപ്പെട്ടിരിക്കുന്നു. മറ്റൊരു സ്ഥലത്തും ഈ ആയത്ത് വന്നിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ ഇതിന്റെ ആവർത്തനം ധാരാളമായിട്ടുണ്ട്. ഇത്രമാത്രം ആവർത്തനം മറ്റൊരു വചനത്തിനുമില്ല. കാരണം ഏതു ജോലിയും ആരംഭിക്കുന്നതിനുമുമ്പേ ഖയ്റും ബർക്കത്തും തേടുന്നതിനും തബർറുക്കിനും( അനുഗ്രഹദായ വസ്തു)സഹായം അർഥിക്കുന്നതിനും ഈ ആയത്ത് ഓതുക എന്നത് ഇസ്‌ലാമിൽ സുന്നത്താക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ വചനം ശത്രുക്കളിലും മിത്രങ്ങളിലും ചെറിയവരിലും വലിയവരിലും പ്രസിദ്ധമായിത്തീർന്നു. എത്രത്തോളമെന്നാൽ, മറ്റു ഖുർആൻ വചനങ്ങളൊന്നുമറിയാത്ത ആളും ഈ വചനം അറിയാതിരിക്കുകയില്ലെന്നത് ശക്തമായ വിശ്വാസമാണ്.

സമ്പൂർണമായ സത്യസാക്ഷ്യങ്ങൾ അടങ്ങിയ ഈ ആയത്തും ശ്രവിക്കേണ്ടതാണ്. ഈ ആയത്ത് ഇറങ്ങിയതിന്റെ ഒരു ഉദ്ദേശ്യം ദുർബലരും അജ്ഞരുമായ മനുഷ്യർക്ക് ഈശ്വരജ്ഞാനത്തിന്റെ അധ്യാപനത്തിന്റെ പോയന്റ് പറഞ്ഞുകൊടുക്കുക എന്നതാണ്; അതായത് **വാജിബുൽവുജൂദ്** സത്തയുടെ **ഇസ്മുൽ അഅ്ളം** അവൻ അല്ലാഹുവാണെന്ന്! അവൻ ദിവ്യമായ ഖുർആനിന്റെ സാങ്കേതിക്കർഥത്തിന്റെ അടിസ്ഥാനത്തിൽ സകല സ്വിഫത്തുകളും അടങ്ങിയവനും മോശമായ എല്ലാത്തിൽനിന്നും പവിത്രനും യഥാർഥ ആരാധ്യനും പങ്കുകാരനില്ലാത്തനും എല്ലാ അനുഗ്രഹങ്ങളുടേയും ഉടയവനുമാണെന്ന് പറയപ്പെടുന്നു. ഈ മഹത്തായ നാമത്തിന്റെ (ഇസ്മെ അഅ്ളം)ധാരാളം സവിശേഷഗുണങ്ങളിൽനിന്ന് രണ്ടു സ്വിഫത്ത് (ഗുണനാമം)ബിസ്മില്ലാഹിൽ വിവരിക്കപ്പെട്ടിരിക്കുന്നു; സ്വിഫത്തെ റഹ്മാനിയ്യത്തും സ്വിഫത്തെ റഹീമിയ്യത്തും.

ഈ രണ്ടു സ്വിഫത്തിന്റെ–വിശേഷഗുണത്തിന്റെ(സ്വിഫത്തെ റഹ്മാനിയ്യത്തും സ്വിഫത്തെ റഹീമിയ്യത്തും) തേട്ടംകൊണ്ടാണ് കലാമെ ഇലാഹിയുടെ (ദിവ്യഗ്രന്ഥത്തിന്റെ)ഇറക്കമുണ്ടായതും അതിന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളും അനുസ്യൂതം തുടർന്നുവരുന്നതും. അതിന്റെ വിശദീകരണം ഇതാണ്:അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥം ഭൂമിയിൽ ഇറങ്ങുക എന്നതും അത് മനുഷ്യരെ അറിയിക്കുക എന്നതും റഹ്മാനിയ്യത്ത്(പരമകാരുണികത) എന്ന വിശേഷഗുണത്തിന്റെ ആവശ്യമാണ്. കാരണം പരമകാരുണികത എന്ന വിശേഷഗുണത്തിന്റെ അവസ്ഥ (അതിനെ സംബന്ധിച്ച് തുടർന്നും എഴുതുന്നതായിരിക്കും) എന്താണെന്നാൽ കർമം ഉണ്ടാകുന്നതിനുമുമ്പേ ഏതെങ്കിലും നിർമാതാവിന്റെ ഔദാര്യവും ദൈവദാനത്തിന്റെ ആവേശവും കൊണ്ടാണ് അത് രംഗത്തുവരുന്നത്. ഏതുപോലെയെന്നാൽ അല്ലാഹു സൂര്യനും ചന്ദ്രനും ജലവും വായുവും മനുഷ്യരുടെ ഗുണത്തിനുവേണ്ടി സൃഷ്ടിച്ചു. ഈ ഔദാര്യവും ദാനവും റഹ്മാനിയ്യത്ത് എന്ന വിശേഷഗുണം മുഖേനയാണ് ഉണ്ടായിട്ടുള്ളത്. ഇതുണ്ടായത് തന്റെ ഏതെങ്കിലും കർമഫലമാണെന്ന് ആർക്കും വാദിക്കാൻ സാധിക്കുകയില്ല. ഈ സ്വിഫത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യരുടെ പരിഷ്കരണത്തിനും മാർഗദർശനത്തിനുമായി ദൈവഗ്രന്ഥവും ഇറങ്ങിയിട്ടുള്ളത്. തന്റെ ഏതെങ്കിലും കർമത്തിന്റെ ഫലമായോ അത്യധ്വാനംകൊണ്ടോ മനഃപരിശുദ്ധിയുടെ പ്രതിഫലംകൊണ്ടോ ആണ് അല്ലാഹു പവിത്രമായ ശരീഅത്ത് ഗ്രന്ഥം ഇറക്കിയതെന്ന് വാദിക്കാൻ ഒരു വ്യക്തിക്കും സാധ്യമല്ല. ഇക്കാരണത്താലാണ് പവിത്രതയുടേയും മനഃപരിശുദ്ധിയുടേയും വീരവാദം മുഴക്കുന്നവരും സ്വാത്മപരിത്യാഗികളും ആരാധനയിൽ ജീവിതം കഴിച്ചവരുമായ ആയിരക്കണക്കിന് ആളുകൾ കഴിഞ്ഞുകടന്നുവെങ്കിലും, നിർബ

ശേഷം പേജ് 11 ൽ

പേജ് 6 ൽ നിന്ന്

സഅ്ദ് ബിൻ മുആദിന്റെ അടുക്കലെത്തി. അവിടെ കുറച്ചുനേരം സംസാരിച്ചിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ് ഭക്ഷണം നൽകുകയും നബിﷺതിരുമേനിയും സഅ്ദ് ബിൻ ഉബാദയും സ്വഹാബാക്കളോടൊപ്പം അതിൽനിന്ന് ഭക്ഷിക്കുകയും ചെയ്തു. പിന്നീട് തിരിച്ചുപോയി. ഇങ്ങനെ ഹൃദയങ്ങളിൽ പരസ്പരമുണ്ടായിരുന്ന പക അകറ്റുകയും ഇല്ലാതാക്കുകയും ആയിരുന്നു ലക്ഷ്യം.' *(കിതാബുൽ മഗാസി വാഖ്ദി വാള്യം 1, പേജ് 371, ദാറുൽകുതുബുൽ ഇൽമിയ്)*

ഒരിക്കൽ ഒരാളെ കൂട്ടി രണ്ടാമത്തെ ആളുടെ വീട്ടിലും പിന്നെ രണ്ടാമത്തെ ആളെക്കൂട്ടി ആദ്യത്തെ ആളുടെ വീട്ടിലും പോയി. അങ്ങനെ പരസ്പരമുള്ള വെറുപ്പുകൾ ഇല്ലാതാക്കി. അവിടെനിന്ന് എല്ലാവരും ഭക്ഷണം കഴിച്ചു. പരസ്പരം ഭക്ഷണം കൊടുക്കുകയും ചെയ്തു. അങ്ങനെ പരസ്പരമുള്ള വെറുപ്പ് അകന്നു. ഇതും പരസ്പര സ്നേഹബന്ധമുണ്ടാക്കാനും സന്ധി ചെയ്യിക്കാനുമുള്ള നബിﷺതിരുമേനിയുടെ ഉപായമായിരുന്നു.

നിവേദനങ്ങളിൽ ആരോപണമുന്നയിക്കുന്നവരുടെ എണ്ണം വ്യത്യസ്തമായാണ് വിവരിച്ചിട്ടുള്ളത്. ഹദ്റത്ത് ഇബ്നു അബ്ബാസിന്റെ നിവേദനത്തിൽ ഹദ്റത്ത് ആഇശ‍رضക്കുമേൽ ആരോപണമുന്നയിച്ചവർ മൂന്നു പേരാണെന്നു പറയുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസിന്റെ മറ്റൊരു നിവേദനത്തിൽ ആരോപണമുന്നയിച്ചവരുടെ എണ്ണം മൂന്നു മുതൽ 10 വരെയാണ് പറയുന്നത്. ഇബ്നു ഉയയ്ന അവരുടെ എണ്ണം 40 ആണെന്ന് എഴുതിയിരിക്കുന്നു. മുജാഹിദ് 15 എണ്ണമാണെന്ന് വിവരിക്കുന്നു.*(അൽജാമിഉൽ അഹ്കാമുൽഖുർആൻ, തഫ്സീർ ഖുർത്വബീ വാള്യം 2, സൂറത്തുന്നൂർ ആയത്ത് 12, പേജ് 2169, ദാർ ഇബ്നുഹസം)*

ഇഫ്ക് (അപവാദ പ്രചാരണ)സംഭവത്തിൽ ഉൾപ്പെട്ടവർക്കുള്ള ശിക്ഷയെ സംബന്ധിച്ചും പറയുന്നുണ്ടി. സുനൻ അബുദാവൂദിലുള്ള നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനി രണ്ടു പുരുഷന്മാർക്കും ഒരു സ്ത്രീക്കും അവർ അപവാദം ആരോപിച്ചതിനാൽ ശിക്ഷ വിധിച്ചു. ഇവർ ഹസ്സാൻ ബിൻ ഥാബിത്തും മിസ്ത്വഹ് ബിൻ ഉഥാഥയും ആയിരുന്നു. സ്ത്രീ ഹംന ബിൻത് ജഹ്ശ് ആയിരുന്നുവെന്ന് ആളുകൾ പറയുന്നതായി നുഫയ്ലീ പറയുന്നു.(സുനൻ അബൂദാവൂദ് കിതാബുൽഹുദൂദ്, ഹദീഥ് 4475)

അല്ലാമാ മാവർദി പറയുന്നു; ഇഫ്ക്(ദുരാരോപണം) ഉന്നയിച്ചവരുടെ ശിക്ഷയെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. ഒരു

• ഹദീഥുന്നബ്‌വി(സ) •

"അന്നദമു തൗബത്തുൻ."
ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി(സ) •

"ലാ തതമന്നഉൽമൗത."
മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

നിവേദനമനുസരിച്ച് നബിﷺതിരുമേനി ആർക്കും ശിക്ഷ നൽകിയിട്ടില്ല. മറ്റൊരു നിവേദനത്തിൽ പറയുന്നു, നബിﷺതിരുമേനി അബ്ദുല്ലാഹ് ബിൻ ഉബയ്യിനും മിസ്ത്വഹ് ബിൻ ഉഥാഥക്കും ഹസ്സാൻ ബിൻ ഥാബിത്തിനും ഹംന ബിൻത് ജഹ്ശിനും ചാട്ടയടി നൽകുകയുണ്ടായി. ഇമാം ഖുർത്തുബി പറയുന്നു: കൂടുതൽ പ്രസിദ്ധവും ഉലമാക്കൾക്കിടയിൽ അറിയപ്പെടുന്നതും ഹസ്സാൻ, മിസ്ത്വഹ്, ഹംന എന്നിവർക്ക് ചാട്ടവാറടി കൊടുത്തു. എന്നാൽ, ഇബ്നു ഉബയ്യിനു ചാട്ടയടി കൊടുത്തതായി പരാമർശമില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ഒരു ഖുത്ബയിൽ ഇത് സംബന്ധിച്ചു പറയുന്നു: ഹദ്റത്ത് ആഇശرضی اللہ عنہاയ്ക്കു മേൽ ആരോപണം ഉന്നയിച്ചത് കാരണം മൂന്നാളുകൾക്ക് ചാട്ടവാറടി കൊടുത്തിരുന്നു. അതിലൊന്ന് ഹസ്സാൻ ബിൻ ഥാബിത്തായിരുന്നു. ഇദ്ദേഹം നബിﷺ തിരുമേനിയുടെ കവിയായിരുന്നു. മറ്റൊന്ന് ഹദ്റത്ത് ആഇശرضی اللہ عنہاയുടെ പിതൃവ്യനായ മിസ്ത്വഹ്. ഇദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ എളാമയുടെ മകനാകുന്നു. വളരെ ദരിദ്രനായ വ്യക്തിയായതിനാൽ അബൂബക്റിന്റെ വീട്ടിൽത്തന്നെയാണ് കഴിഞ്ഞിരുന്നത്. അവിടെ തന്നെയായിരുന്നു ഭക്ഷണവും. അദ്ദേഹം തന്നെയാണ് വസ്ത്രം കൊടുത്തിരുന്നതും. മറ്റൊരു സ്ത്രീയെ സംബന്ധിച്ചും പറയുന്നുണ്ട്. ഇവർ മൂന്നു പേർക്കുമാണ് ശിക്ഷ കൊടുത്തിരുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہസൂറത്തുന്നൂറിലെ 36-ാമത്തെ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു സുലൂലിനു ചാട്ടവാറടി കിട്ടിയതിനെപ്പറ്റിയും പറയുന്നുണ്ട്. അതിൽ അദ്ദേഹം പറയുന്നു:

**ലികുല്ലിംരിഇൻമ്മിൻഹുംമ്മക്തസബമിനൽ ഇഥ്മി** ഈ ആരോപണമുന്നയിച്ചവരിൽ ഓരോരുത്തർക്കും അവർ ഭാഗഭാക്കായതിനനുസരിച്ചാണ് ശിക്ഷയും കിട്ടിയത്. ആരോപണമുന്നയിക്കുന്ന ഉപായം മെനഞ്ഞതിൽ ഭാഗഭാക്കായവർക്ക് 80 അടിയാണ് കൊടുത്തത്. തുടർന്ന് എഴുതുന്നു: **വല്ലദീ തവല്ലാ കിബ്റഹു മിൻഹും ലഹൂ അദാബുൻ അളീമുൻ** പക്ഷേ, ഇവരിലേറ്റവും കൂടുതൽ ദ്രോഹിയായ ഒരാളുണ്ടായിരുന്നു. എല്ലാ ഫിത്നകളുടെയും കേന്ദ്രം അയാളായിരുന്നു. അതായത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ. ഇയാൾക്ക് ചാട്ടവാറടി കൊടുക്കുക മാത്രമല്ല നാംതന്നെ അയാൾക്ക് ശിക്ഷ നൽകുന്നതുമാണ്. ഈ മുന്നറിയിപ്പു പ്രകാരം അയാൾക്ക് ചാട്ടവാറടിയും പിന്നെ അല്ലാഹുവിൽനിന്ന് വേറെ ശിക്ഷയും നല്കപ്പെട്ടു. *(അസ്സീറത്തുൽ ഹൽബിയ്യ ബാബ് മഗാസീഹി(സ)ഗസ്വത്തു ബനിൽ മുസ്തലിഖ്).* പിന്നീട് അല്ലാഹുവിൽനിന്നും അയാൾക്ക് ശിക്ഷ കിട്ടി. നബിﷺതിരുമേനിയുടെ ജീവിതകാലത്തുതന്നെ വളരെ കഷ്ടത അനുഭവിച്ചുകൊണ്ട് നാശമടഞ്ഞു. *(തഫ്സീറെ കബീർ വാള്യം 8, പേജ് 524, സൂറത്ത് അന്നൂർ ആയത്ത് 36)*

ഇവിടെ ഈ കാര്യങ്ങൾ അവസാനിക്കുകയാണ്. ജർമനി ജൽസയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, പങ്കെടുത്തവരിൽ അന്യരായ ആളുകളും ആദ്യമായി പങ്കെടുത്തവരും നല്ല പോസിറ്റീവായിട്ടാണ് പ്രതികരിച്ചത്. വലിയ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. ജൽസയുടെ അന്തരീക്ഷത്തെയും ശ്ലാഘിക്കുകയുണ്ടായി. അതുപോലെ മീഡിയ മുഖേനയും വാർത്തകൾ മില്യൺ കണക്കിന് ആളുകളിൽ അഹ്മദിയത്തിന്റെ, ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ സന്ദേശം എത്തുകയുണ്ടായി. ജൽസാ ഈ നിലയ്ക്കും തബ്‌ലീഗിനുള്ള ഒരു വലിയ മാർഗമാകുന്നു. നമുക്ക് നേരിട്ട് എത്താൻ കഴിയാത്ത ഇടങ്ങളിൽ ഇതുമുഖേന തബ്‌ലീഗ് എത്തുന്നു. ഇസ്‌ലാമിന്റെ സന്ദേശമെത്തുന്നു. അല്ലാഹു അതിന്റെ നല്ലതും കാലാതിവർത്തിയുമായ ഫലങ്ങൾ നൽകുമാറാകട്ടെ. അഹ്മദികൾക്കും ശരിയായ നിലയിൽ ഫലമെടുക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ദുആകളിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലാഹു അവന്റെ അനുഗ്രഹങ്ങളുടെ പുതപ്പിൽ എപ്പോഴും നമ്മളെ വെക്കുമാറാകട്ടെ.

അവസാനം ഒരു മർഹൂമിന്റെ അനുസ്മരണമുണ്ട്. അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുന്നതുമാണ്. ഇൻശാ അല്ലാഹ്. സ്വീഡനിലുള്ള ഇമാം മുഹമ്മദ് ബബ്ലൂ സാഹിബ് കഴിഞ്ഞദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. സുഡാൻ ജമാഅത്ത് സ്വദ്ർ അദ്ദേഹത്തെ പറ്റി എഴുതുന്നു: അദ്ദേഹത്തിന്റെ ബയ്അത്ത് സംഭവം ഇങ്ങനെയാണ്, 1966-ൽ നൈജീരിയയിൽനിന്ന് ഒരു അഹ്മദി ഇമാം ഈസ അബ്ദുല്ലാഹ് ബിൻ ലെയിൽ സാഹിബ് അദ്ദേഹത്തിന്റെ അടുക്കൽ അതിഥിയായി പോയിരുന്നു. അദ്ദേഹം നാട്ടുകാർക്കെല്ലാം തബ്‌ലീഗ് ചെയ്തു തുടങ്ങി. മർഹൂം ഇമാം മുഹമ്മദ് ബിൻ ബബ്ലൂവിന് ഏറ്റവുമാദ്യം ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചു. ഈ ദിവസങ്ങളിൽ കാലത്തിന്റെ ഖലീഫയുമായി കേന്ദ്രത്തിൽനിന്നുള്ള ബന്ധം സാധ്യമായിരുന്നില്ല. എങ്കിലും ഈ അഹ്മദികൾ ജമാഅത്തിന്റെ ഉറച്ച വിശ്വാസത്തിൽ നിലകൊണ്ടിരുന്നു. അവർക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. ഇമാം മുഹമ്മദ് ബബ്ലൂ സാഹിബ് അഹ്മദികൾക്ക് നമസ്കാരത്തിൽ ഇമാമത്ത് വഹിച്ചിരുന്നു. അവിടെ അഹ്മദിയ്യാ മസ്ജിദ് പുല്ലും വൈക്കോലും കൊണ്ടുണ്ടാക്കിയ ഒരു കൂരയായിരുന്നു. അത് അനഹ്മദികൾ അഗ്നിക്കിരയാക്കി. അഹ്മദികളെ ഗ്രാമത്തിൽനിന്ന് പുറത്താക്കുകയും ചെയ്തു.

തുടർന്ന് അഹ്മദികൾ തെക്കുഭാഗത്തേക്ക് പലായനം ചെയ്തു. അവിടെയും അവർ പുല്ലും വൈക്കോലുംകൊണ്ട് ഒരു ചെറിയ മസ്ജിദ് നിർമിച്ചു. അവിടെയും ശത്രുതയുണ്ടായി. എതിരാളികൾ അഹ്മദികളുടെ മസ്ജിദിനു തീയിട്ടു. അവിടെനിന്ന് പുറത്താക്കി. അഹ്മദികളിലെ ഒരു വിഭാഗം അവിടെനിന്ന് ഏതോ ഭാഗത്തേക്ക് പോയി. മറ്റൊരു വിഭാഗം നഗരത്തിലേക്കാണ് പോയത്. അക്കൂട്ടത്തിൽ ഇമാം ബബ്ലുവുമുണ്ടായിരുന്നു. അവിടെ ഇവർ അബ്ദുല്ലാഹ് ബിൻ ഓസ് ഖാസിം എന്ന ആളുടെ അതിഥിയായി. അദ്ദേഹം ജാമിയ ബഖ്ത് രസായുടെ പ്രിൻസിപ്പാളായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ കുടുംബക്കാർ എതിർപ്പു പ്രകടിപ്പിച്ചു. ഈ അഹ്മദികളെ അവിടെനിന്ന് പുറത്താക്കി. അവിടെനിന്ന് അവർക്ക് പോകേണ്ടതായി വന്നു. അവസാനം അവർ നൈജീരിയായിൽ ഇമാം ഈസ അബ്ദുല്ലാഹ് ബിൻ ലയ്‌ലയുടെ അടുക്കൽ പോകാൻ തീരുമാനിച്ചു. അദ്ദേഹം മുഖേനയാണ് ഇവർ അഹ്മദികളായത്. അങ്ങനെ ഈ ദരിദ്രരായ അഹ്മദികളുടെ സംഘം ഭാര്യാമക്കളെയും കൂട്ടി കഴുതകളിലും മൃഗങ്ങളിലും യാത്രചെയ്ത് അധികവും നടന്നും നൈജീരിയയിലേക്ക് പുറപ്പെട്ടു.

അവരുടെ പക്കൽ വഴിച്ചെലവിനുപോലും ഒന്നുമുണ്ടായിരുന്നില്ല. വിസയുടെ കടലാസുകളും ഇല്ലായിരുന്നു. ഒരുപാട് പ്രയാസമേറിയ യാത്രയായിരുന്നു. അവരുടെ കൈയിൽ വിശ്വാസത്തിന്റെ വലിയ ഒരു ഭണ്ഡാരം മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ ഈമാൻ സുരക്ഷിതമാക്കിയിരുന്നു. ഈ ആവേശത്തിൽ അവർ ഹിജറത്ത് തുടർന്നുകൊണ്ടിരുന്നു. പക്ഷേ, തങ്ങളുടെ ദീനിനെ ത്യജിക്കാൻ അവർ തയ്യാറായില്ല. അവസാനം അവർ നൈജീരിയായിലെത്തി. അവിടെ ഇമാം ഈസ ബിൻ ലയ്ൽ സാഹിബിന്റെ അടുക്കക്കൽ 13 വർഷം താമസിച്ചു. അതിനുശേഷം ഇമാം ഈസാ സാഹിബ് ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അവരോടു തിരിച്ചു സുഡാനിലേക്ക് പോകാൻ ഉപദേശം നൽകി. ഇത് അവർക്ക് ഇഷ്ടമായില്ല. ഇമാം സാഹിബ് അവരോടു പറഞ്ഞു: 'ഇത് നമ്മുടെ റബ്ബിൽനിന്നുള്ള കൽപ്പനയാകുന്നു.' അങ്ങനെ അവർ സുഡാനിലേക്ക് പോകാൻ മനസില്ലാമനസ്സോടെ തയ്യാറായി. ഇമാം സാഹിബിന് സ്വപ്നത്തിൽ ഇങ്ങനെ പറയപ്പെട്ടു: ഇവർ 3 വർഷത്തിനുശേഷം പോകുന്നതാണ്. മൂന്നുവർഷം പൂർത്തിയായപ്പോൾ ഈ അഹ്മദികൾ തിരിച്ച് തങ്ങളുടെ


• ഹദീഥുന്നബ്‌വി(സ) •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി(സ) •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

നാട്ടിലേക്ക് പുറപ്പെട്ടു. ഏറ്റവുമാദ്യം ഇമാം ബല്ലു ആണ് തിരിച്ചു പോയത്. സുഡാനിൽ ഇവർ തങ്ങളുടെ ഗ്രാമമായ കനിസയിൽ പോയി താമസിച്ചു. ഇത് 2010-ലെ കാര്യമാണ്. ഈ അഹ്മദികളുടെ സുഡാനിലേക്കുള്ള തിരിച്ചുവരവിനുശേഷം നൈജീരിയയിൽ ബോക്കോ ഹറാം എന്ന ഒരു സംഘടനയുണ്ടായി. ഈ സുഡാനി അഹ്മദികൾ ആ സമയത്ത് നൈജീരിയയിൽ ഉണ്ടായിരുന്നെങ്കിൽ ദൗർഭാഗ്യവശാൽ ഈ സംഘടന അവരോടു എങ്ങനെ പ്രവർത്തിക്കുമെന്ന് അറിയില്ലായിരുന്നു. ആ സമയത്താണ് അവർക്ക് നൈജീരിയയിൽനിന്ന് തിരിച്ചു വരുന്നതിലെന്തായിരുന്നു ദൈവികയുക്തിയെന്ന് മനസ്സിലായത്. ഏതായാലും തിരിച്ചെത്തിയപ്പോൾ അവിടെ ശക്തമായ എതിർപ്പാണ് നേരിടേണ്ടി വന്നത്. അവർ ഉണ്ടാക്കിയിരുന്ന ചെറിയ മസ്ജിദ് അഗ്നിക്കിരയാക്കി. അവരുടെ വീടുകളിൽ ആക്രമണം നടത്തി. അവർക്കെതിരെ കേസുകൾ കൊടുത്തു. അവരെ വീണ്ടും നാട്ടിൽനിന്ന് പുറത്താക്കി. തുടർന്ന് ഇപ്പോഴുള്ള യുദ്ധം ആരംഭിച്ചു. അത് മുഴുവൻ സുഡാൻ രാജ്യത്തെയും അവസ്ഥകളെയും മോശമായി ബാധിച്ചു. ആരും അവിടെ സുരക്ഷിതരല്ല.

ഈ അഹ്മദികളും സുഡാനിലെ വ്യത്യസ്ത സ്ഥലങ്ങളിലേക്ക് തങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനും സമാധാനത്തിനുംവേണ്ടി ചിതറി പിരിഞ്ഞിരിക്കുന്നു. ഇപ്പോഴും ഇവർ വിവിധ സ്ഥലങ്ങളിൽ പ്രയാസത്തിലും ദാരിദ്ര്യത്തിലും ജീവിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹു മർഹൂമിന്റെ സ്ഥാനങ്ങൾ ഉയർത്തുകയും മഗ്ഫിറത്ത് നൽകുകയും ചെയ്യുമാറാകട്ടെ. മറ്റ് അഹ്മദികളെയും വിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുമാറാകട്ടെ. അല്ലാഹു അവരുടെ അവസ്ഥകളെ മാറ്റുമാറാകട്ടെ. ഞാൻ പറഞ്ഞുവന്നതുപോലെ രാജ്യത്ത് പടർന്നിട്ടുള്ള കലഹം അല്ലാഹു എത്രയും പെട്ടെന്ന് അവസാനിപ്പിക്കുമാറാകട്ടെ. അവർക്കുമേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. പരസ്പരം കടമകൾ നിറവേറ്റുന്നവരായി തീരുമാറാകട്ടെ. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിം സഹോദരനോടുള്ള കടമ നിർവഹിക്കാൻ കഴിയുമാറാകട്ടെ. ഇസ്‌ലാമിക രാജ്യങ്ങളിൽ പടർന്നിട്ടുള്ള കലഹങ്ങൾ അല്ലാഹു അകറ്റു മാറാകട്ടെ. അഹ്മദികൾക്ക് യഥാർഥ രീതിയിൽ സമാധാനത്തോടുകൂടി ജീവിതം കഴിച്ചുകൂട്ടാൻ തൗഫീഖ് നൽകുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 12 ൽ നിന്ന്

പ്പിച്ച ശക്തിയാണ് താനെന്ന് അവനെന്നോട് പറഞ്ഞു. സ്രഷ്ടാവും ഉടമസ്ഥനുമായി താനൊരു ശക്തിമാത്രമേയുള്ളൂവെന്നും തനിക്ക് പങ്കുകാരനാരുമില്ലെന്നും അവൻ എന്നോടു പറഞ്ഞു. ജാതനാകുന്നതിൽനിന്നും മരിക്കുന്നതിൽനിന്നും പരിശുദ്ധനായ അവൻ എന്നിലും വെളിപ്പെട്ടു. (അതായത് മസീഹ് മൗഊദ് മസീഹ് മൗഊദ്ﷺ തന്നെയാണ് അല്ലാഹുത്തന്റെമേൽ) മസീഹിനെ സംബന്ധിച്ച് ലോകത്തെ ഭൂരിപക്ഷം ക്രിസ്ത്യാനികളുടെ വിശ്വാസമായ ത്രിയേകത്വവും പാപപരിഹാര സിദ്ധാന്തവുമറ്റുമെല്ലാം മാനുഷിക അബദ്ധങ്ങളാണെന്നും യഥാർഥ അധ്യാപനങ്ങളിൽ നിന്ന് വിദൂരത്താണെന്നും അവനെന്നെ അറിയിച്ചു. സജീവമായ വാക്യത്തിലൂടെ ഒരു മാധ്യമവും കൂടാതെ ദൈവം എന്നെ അറിയിച്ചു. 'നീ ദൈവത്തിന്റെ ഭാഗത്തുനിന്ന് വന്നവനാണെന്ന കാര്യം ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്ന കാര്യത്തിൽ നിനക്ക് പ്രയാസം വരികയാണെങ്കിൽ ആകാശപരമായ സാക്ഷ്യം എനിക്ക് മതിയെന്ന് അവരോടു പറയാൻ അവനെന്നോടു പറഞ്ഞു.'

പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നു. അദൃശ്യകാര്യങ്ങൾ സംഭവിക്കുന്നതിനു മുമ്പേതന്നെ പറയപ്പെടുന്നു. ദൈവത്തിനെ കൂടാതെ ആർക്കും അറിയാത്ത രഹസ്യങ്ങൾ കാലേകൂട്ടി വെളിപ്പെടുത്തപ്പെടുന്നു. ഇക്കാര്യങ്ങളിൽ മത്സരിക്കാനാരെങ്കിലും ആഗ്രഹിച്ചാൽ അവർ ഇതിൽ പരാജിതരാകുമെന്നതാണ് രണ്ടാമത്തെ അടയാളം. ഉദാഹരണമായി പ്രാർഥനയുടെ സ്വീകാര്യത, സംഭവിക്കുന്നതിനുമുമ്പേ അതിന്റെ സ്വീകാര്യതയെ കുറിച്ച് അറിവ് ലഭിക്കൽ അഥവാ മനുഷ്യന്റെ അറിവിന്റെ പരിധിക്ക് വെളിയിലുള്ള അദൃശ്യസംഭവങ്ങളെ കുറിച്ച് അറിവു ലഭിക്കുക തുടങ്ങിയ കാര്യങ്ങൾ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിനെ നേരിടാൻ ഒരാളും മുന്നോട്ടുവന്നില്ല. വന്നവരാകട്ടെ പരാജിതരും നിന്ദ്യരുമായിത്തീർന്നു. അല്ലാഹു അവരെ പാഠംപഠിക്കാനുള്ള അടയാളമാക്കി. അല്ലാഹുവുമായി എങ്ങനെ ബന്ധം സ്ഥാപിക്കാൻ കഴിയുമെന്ന വിഷയത്തെ കുറിച്ച് ആ മഹാത്മാവ് ഇങ്ങനെ പറയുന്നു: തന്റെ അചഞ്ചലമായ സ്വിഫത്തുകൾ അഥവാ സവിശേഷഗുണങ്ങൾ പണ്ടു പണ്ടേമുതൽ ലോകത്തിന്റെ കണ്ണാടിയിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരു മാറ്റവും സംഭവിക്കാത്ത ഗുണഗണങ്ങളോടു കൂടിയുള്ള സത്യവാനായ ദൈവം അവൻ തന്നെയാണ്. ഒരു മകന്റേയും ആവശ്യമില്ലാത്ത അവന് ജനങ്ങൾക്ക് മോക്ഷം കിട്ടുന്നതിന് ആത്മഹത്യ ചെയ്യേണ്ടുന്ന ആവശ്യവുമില്ല. എന്നല്ല മോക്ഷത്തിന്റെ യഥാർഥമായ മാർഗം പുരാതനകാലം മുതലേ ഒന്നുമാത്രമാണ്. (അത് കഥകളിൽനിന്നും കൃത്രിമങ്ങളിൽനിന്നും പരിശുദ്ധമാണ്). ഇതിലൂടെ നടക്കുന്നവൻ യഥാർഥ മോക്ഷവും അതിന്റെ ഫലങ്ങളും ഈ ലോകത്തുതന്നെപ്രാപിക്കുകയും അതിന്റെ സത്യമായ മാതൃകകൾ തന്റെ ഉള്ളിൽ കാണുകയും ചെയ്യുന്നു. അതായത് ആ സത്യമായ മാർഗം ദൈവത്തിൽനിന്നു വന്ന വിളിയാളനെ സ്വീകരിച്ച് അയാളുടെ പിന്നാലെ എങ്ങനെ നടക്കണമെന്നാൽ തന്റെ ശരീരേച്ഛയെ കൊല്ലുകയും ഇതിനുവേണ്ടി തനിക്കായി സ്വന്തം ഫിദിയ കൊടുക്കുകയും ചെയ്യുക. ഇതേ മാർഗമാണ് അല്ലാഹു ലോകാരംഭമുതൽ സത്യന്വേഷികളുടെ പ്രകൃതിയിൽ വെച്ചത്. (അതായത് തന്റെ ശരീരേച്ഛ തികച്ചും അവസാനപ്പിക്കുകയും അല്ലാഹുവിന്റെ കൽപനകൾക്കുമുമ്പിൽ എല്ലാം ഇടുകയും ചെയ്യുക. തന്റെ ജീവിതം അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുക. ഇതേ മാർഗമാണ് അല്ലാഹു ലോകാരംഭമുതൽ സത്യന്വേഷികളുടെ പ്രകൃതിയിൽ വെച്ചത്.(പുരാതനകാലം മുതലെ) അതായത് മനുഷ്യൻ സൃഷ്ടിക്കപ്പെടുകയും ഈ ആത്മീയബലിയുടെ വസ്തുക്കൾ അവന് നല്കപ്പെടുകയും അവന്റെ പ്രകൃതി ആ വസ്തുക്കളെ തന്റെ കൂടെ കൊണ്ടുവരികയും അത് ജാഗരൂകനാക്കുന്നതിന് ബാഹ്യമായ ബലികളും വെക്കപ്പെട്ടരിക്കുന്നു. പരിപൂർണനും സജീവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമായ ദൈവത്തെ ഉപേക്ഷിച്ച് നിരർഥമായ വിചാരവികാരങ്ങളെ പിൻപറ്റുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നവരെ കുറിച്ച് എനിക്ക് അത്ഭുതം തോന്നുന്നു. ഇതു പോലൊരു വിസ്മയാവസ്ഥ എനിക്ക് മറ്റാരെക്കുറിച്ചും ഇത്രയധികം ഉണ്ടായിട്ടില്ലെന്നും ആ മഹാത്മാവ് പറയുന്നു.

ദൈവത്തെ കുറിച്ചുള്ള യഥാർഥ തിരിച്ചറിവും അവനുമായുള്ള സത്യസന്ധമായ ബന്ധവും ഏത് വിധത്തിൽ സാധ്യമാകുമെന്ന വിഷയത്തെ പരാമർശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ദൈവത്തിന്റെ അസ്തിത്വം നാനാവിധ ന്യൂനതകളിൽ നിന്നും പരിശുദ്ധമാണെന്ന് വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നു. നാനാവിധ കോട്ടങ്ങളിൽ നിന്നും അവൻ മുക്തനാണ്. അവന്റെ അധ്യാപനത്തെ പിൻപറ്റിക്കൊണ്ട് മനുഷ്യനും ന്യൂനതകളിൽനിന്ന് പരിശുദ്ധനാകാനാഗ്രഹിക്കുന്നു. അല്ലാഹു പറയുന്നു: ***മൻ കാന ഫീ ഹാദിഹീ അഅ്മാ, ഫഹുവ ഫിൽ ആഖിറത്തി അഅ്മാ.*** അതായത് ഈ ലോകത്ത് അന്ധരാകുന്നവർ, ആ അസ്തിത്വത്തെ ഇവിടെ ദർശിക്കാത്തവർ മരണശേഷവും അന്ധർ തന്നെയായിരിക്കും. അന്ധകാരം അവനിൽനിന്ന് വേറിട്ട് പോകില്ല. കാരണം, ദൈവത്തെ കാണുന്നതിനു വേണ്ടി ഈ ലോകത്ത് ദർശനശക്തി നേടാത്തവൻ, ഈ ലോകത്തുനിന്ന് അതിനെ കൊണ്ടു പോകാത്തവൻ അവന് പരലോകത്തും ദൈവദർശനം സാധ്യമല്ല. മനുഷ്യരിൽനിന്ന് ഏതു വിധത്തിലുള്ള പുരോഗതിയാണ് ദൈവം ആഗ്രഹിക്കുന്നതെന്നും അവന്റെ അധ്യാപനത്തെ പിൻപറ്റി എവിടെവരെ മനുഷ്യനെത്തിപ്പെടാൻ സാധിക്കുമെന്നും വിശദമായി അവൻ വ്യക്തമാക്കുന്നു. ഇതേ ലോകത്ത് ദൈവിക ദർശനം സാധ്യമാക്കുന്ന മാർഗങ്ങളെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചുമുള്ള വിജ്ഞാനങ്ങൾ വിശുദ്ധ ഖുർആൻ സമർപ്പിക്കുന്നു. അത് പറയുന്നു:

***ഫമൻകാന യർജൂ ലിഖാഅ റബ്ബിഹി ഫൽയഅ്മൽ അമലൻ സ്വാലിഹൻ വലാ യുശ്‌രിക്ക് ബിഇബാദത്തി റബ്ബിഹി അഹദാ.*** അതായത്, ഈ ലോകത്ത് യഥാർഥ സ്രഷ്ടാവായ ദൈവത്തെ ദർശിക്കണമെന്ന് ആഗ്രഹിക്കുന്നവൻ ഒരു കുഴപ്പവുമില്ലാത്ത നിലയിലുള്ള സൽകർമം ചെയ്തു കൊള്ളട്ടെ. അതായത് അവന്റെ പ്രവൃത്തി ലോകരെ കാണിക്കാനാകരുത്. തന്മൂലം ഹൃദയത്തിൽ താനിങ്ങനെയൊക്കെയാണെന്നുള്ള അഹംഭാവം ജന്മമെടുക്കുന്നു. തനിക്ക് ന്യൂനതയില്ലാത്തവനും അപരിമിതനുമാകണമെന്നും വ്യക്തിഗത സ്നേഹത്തിനെതിരിലുള്ള ദുർഗന്ധം തന്നിൽ ഇല്ലാതിരിക്കണമെന്നും അവനാഗ്രഹിക്കുന്നു. സത്യസന്ധതയിലും കൂറിലും അവർ പൂരിതരാകുകയും നാനാവിധ സൃഷ്ടിപൂജയിൽനിന്നും അവർ വിടുതൽ പ്രാപിക്കുകയും വേണം. സൂര്യനേയോ ചന്ദ്രനേയോ ആകാശത്തിലെ നക്ഷത്രങ്ങളേയോ വായുവിനേയോ അഗ്നിയേയോ ജലത്തേയോ തുടങ്ങി ഭൂതലത്തിലുള്ള ഒന്നിനേയും ആരാധ്യവസ്തുവാക്കാതിരിക്കുക. ലോകത്തിലെ ഒരു സാധനസാമഗ്രിക്കും ദൈവത്തിന്റെ പങ്കാളികളാണെന്ന നിലയിലുള്ള അന്തസ്സ് നല്കാതിരിക്കുക, അവയുടെമേൽ ഭരമേല്പ്പിക്കാതിരിക്കുക. തന്റെ ധൈര്യത്തേയും പരിശ്രമത്തേയും ഒന്നുമല്ലെന്ന് ധരിക്കുക. ഇതും സൃഷ്ടി പൂജകളുടെ ഗണത്തില് വരുന്ന ഒന്നാണ്. എല്ലാം ചെയ്തതിനു ശേഷവും

നാം ഒന്നും ചെയ്തിട്ടില്ലെന്ന് ധരിക്കുക. തന്റെ അറിവിൽ ഊറ്റംകൊള്ളുകയോ തന്റെ പ്രവൃത്തിയിൽ തൻപോരിമയോ അരുത്. യഥാർഥത്തിൽ താനൊരു വിഡ്ഢിയാണെന്ന് മനസ്സിലാക്കുക. അലസനാണെന്ന് മനസ്സിലാക്കുക. ദൈവത്തിന്റെ സന്നിധിയിൽ ഏതു സമയവും ആത്മാവ് വീണ് കിടക്കുന്നതുപോലെ ആകുകയും പ്രാർഥനകളോടൊപ്പം അവന്റെ സായൂജ്യത്തെ തന്നിൽ വലിച്ചുചേർക്കുകയും ചെയ്യുക. ദാഹിയെ പോലെയും കാലും കൈയ്യും ഇല്ലാത്തവനെ പോലെയും ആകുക. തന്റെ മുമ്പിൽ വളരെ ശുദ്ധവും മാധുര്യമുള്ളതുമായ ഒരരുവി ഉറവെടുത്തതായും അവൻതന്നെ അതിലേക്ക് തന്നെ എത്തിച്ചതായും കരുതുക.

ആ മഹാത്മാവ് പറയുന്നു: 'ശാരീരികമായ കണ്ണുകളില്ലാതെ അവൻ കാണുന്നു. ശാരീരികമായ ചെവിയില്ലാതെ അവൻ കേൾക്കുന്നു. ശാരീരികമായ നാവില്ലാതെ അവൻ സംസാരിക്കുന്നു. ഇതുപോലെ ഇല്ലായ്മയിൽനിന്നുമുണ്ടാക്കുന്നു. തുടങ്ങിയുള്ള പ്രവൃത്തികൾ അവന്റേതാണ്. സ്വപ്നക്കാഴ്ചയിൽ ഒരു ജഡികവസ്തുവും കൂടാതെ ഒരു ലോകം രൂപപ്പെടുന്നത് നിങ്ങൾ കാണുന്നതുപോലെ. നശ്വരമായതും ഇല്ലാതായതുമായതിനെ അതിൽ കാണിച്ചു തരുന്നു. സകല ശക്തികളും അവന്റേതാണ്. അവന്റെ കഴിവുകളെ നിഷേധിക്കുന്നവൻ വിഡ്ഢിയാണ്. അവന്റെ അതിസൂക്ഷ്മ കഴിവുകളെ കുറിച്ച് അജ്ഞത പുലർത്തുന്നവൻ അന്ധനാണ്. അവന്റെ അന്തസ്സിനെതിരാകാത്ത അല്ലെങ്കിൽ അവന്റെ താക്കീതുകൾക്ക് വിരുദ്ധമല്ലാത്ത എല്ലാ കാര്യങ്ങളും അവൻ ചെയ്യുന്നു. ചെയ്യാൻ അവന് സാധിക്കുന്നു. തന്റെ അസ്തിത്വത്തിലും ഗുണഗണങ്ങളിലും പ്രവർത്തനങ്ങളിലും ശേഷിയിലും അവൻ ഏകനാണ്. അവനോളം എത്തിപ്പെടാനുള്ള എല്ലാ വാതിലുകളും അടഞ്ഞു കിടക്കുന്നു. എന്നാൽ, ഒരു വാതിൽ വിശുദ്ധ ഖുർആൻ തുറന്നിരിക്കുന്നു.

ഹുദൂർ അൻവറിന്റെ പ്രഭാഷണത്തിന്റെ പൂർണ രൂപം പ്രസിദ്ധീകരിക്കുന്നതാണ്. ഇൻശാ അല്ലാഹുൽ അസീസ്. 06.40-ന് ഹുദൂറിന്റെ പ്രഭാഷണം അവസാനിച്ചു. അതുകഴിഞ്ഞ് ഹുദൂർ ദുആക്ക് നേതൃത്വം നല്കി.

പ്രഭാഷണത്തിനൊടുവൽ ഹുദൂർ ജർമനി ജൽസാ സാലാനായിൽ പങ്കെടുത്തവരുടെ എണ്ണം വിളംബരപ്പെടുത്തി; മൊത്തം പങ്കെടുത്തവർ 33171. സ്ത്രീകൾ 16036. പുരുഷന്മാർ 17135. 1007 അനഹ്മദി അതിഥികൾ പങ്കെടുത്തു. ഈ ജൽസയിൽ 72 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു. 3207 അതിഥികൾ വിവിധ രാജ്യങ്ങളിൽനിന്നും പ്രതിനിധികളായി എത്തി. ശേഷം ആഫ്രിക്കൻ അഹ്മദികൾ അവരുടെ തനതായ പാരമ്പര്യ രീതിയിൽ പ്രോഗ്രാം അവതരിപ്പിച്ചു. ശഹാദത്ത് കലിമ ഉറക്കെ ആലാപനം ചെയ്തു. അറബ് അഹ്മദികൾ നബി ﷺ തിരുമേനിയോടുള്ള ആദരവ് പ്രകടിപ്പിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് عليه السلام രചിച്ച അറബി ഖസീദ ആത്മീയാന്തരീക്ഷപ്രതീതി സൃഷ്ടിച്ചുകൊണ്ട് ആലപിച്ചു. മാസിഡോണിയൻ അഹ്മദികൾ അവരുടെ ഭാഷയിൽ പദ്യാലാപനം നടത്തി. ഹുദൂറുമായുള്ള കൂടിക്കാഴ്ചയിൽ അവർ കഴിഞ്ഞ വർഷം ഒരു പദ്യം ആലപിച്ചിരുന്നു. ആദ്യമായാണ് മാസിഡോണിയൻ അഹ്മദികൾക്ക് ജർമൻ ജൽസയിൽ ഇപ്രാവശ്യം അവരുടെ ഭാഷയിൽ ആലപിക്കുന്നതിന് അവസരം ലഭിച്ചത്. (തുടരും)

പേജ് 1 ൽ നിന്ന്

കൂടി തന്റെ വാദം സമർപിക്കുമ്പോൾ - അതാണെങ്കിൽ എന്നെന്നും സത്യവാന്മാരുടെ പ്രത്യേകതയുമാണ് - അദ്ദേഹത്തിന്റെ മുന്നേറ്റം എങ്ങനെ ഇല്ലാതാനാണ്? അവർ എന്നെ എന്തു തകർക്കാനാണ്?

ഞാൻ അല്ലാഹുവിൽനിന്ന് വന്നിട്ടുള്ള ആളല്ലെങ്കിൽ, അവൻതന്നെ എന്നെ നിയോഗിച്ചിട്ടിച്ചിട്ടില്ലെങ്കിൽ നിങ്ങൾത്തന്നെ പറയുക, ഇത്രമാത്രം ചീത്തവിളിയും ഇത്രമാത്രം ബഹളങ്ങളും ഉപദ്രവങ്ങളും എതിർപ്പും, എത്രത്തോളമെന്നാൽ വധിക്കാനുള്ള ഫത്വകളും എനിക്കെതിരിൽ കൊടുക്കപ്പെട്ട വധശ്രമ കേസ്സുകളും, ഈ മുസ്വീബത്തുകളും ബലാകളുമെല്ലാം തന്റെമേൽ എടുക്കേണ്ട ആവശ്യം ആർക്കാണുള്ളത്? ഇത്തരത്തിൽ ദുർഗന്ധംവമിക്കുന്ന നോട്ടീസുകളും അയച്ചുകൊണ്ടിരിക്കുന്ന കത്തുകളും കേൾക്കുന്നതും ആരും ഒരിക്കലും സഹിക്കുകയില്ല. എന്നാൽ, ഞാൻ സത്യമായും പറയുന്നു, ഇത് എന്റെ അധികാരത്തിൽപ്പെട്ട കാര്യമില്ല. അല്ലാഹു എന്തൊന്നാണോ ആഗ്രഹിക്കുന്നത് അവൻ ചെയ്യുന്നു. കാരണം അവൻ സ്വയംതന്നെയാണ് ഈ ജമാഅത്തിന് അടിത്തറപാകിയത്. അവൻതന്നെയാണ് ആ മാനസികമായ ശക്തി പ്രദാനം ചെയ്തത്. ഈ എല്ലാ മുസ്വീബത്തുകളും പ്രയാസങ്ങളും എന്റെ മുമ്പിൽ ഒരു യാഥാർഥ്യവുമുൾക്കൊള്ളുന്നില്ല. ആരോടാണ് ഇതു പറയുന്നതെന്ന് എനിക്കൊട്ടും മനസ്സിലാകുന്നുമില്ല. നിങ്ങൾ സ്വയം ചിന്തിച്ചു നോക്കുക;ഈ ഗാംഭീര്യവും ഈ ശക്തിയും ഈ സ്ഥൈര്യവും കറ്റുകെട്ടുകാരന് കിട്ടുമോ? ഒരു കറ്റുകെട്ടുകാരൻ ഇത്തരത്തിലുള്ള കഴിവുകൾ നേടുമെന്ന് എനിക്കൊരിക്കലും വിശ്വസിക്കാനെ കഴിയുന്നില്ല. ആരാണോ കൊല ചെയ്യുന്നത് സത്യസന്ധത അയാളെ കുറ്റവാളിയാക്കുന്നു. അവസാനം അയാൾ നേരിട്ടു കോടതിയിൽച്ചെന്ന് കുറ്റം എറ്റെടുക്കേണ്ടിവരുന്നു. ഒരു സത്യവാന് പ്രദാനം ചെയ്യപ്പെടുന്ന ശക്തി കറ്റുകെട്ടിപ്പറയുന്നവനിൽ ഉണ്ടാകുന്നില്ലെന്നുള്ളതാണ് ഇതിലുള്ള രഹസ്യം. കളവ് മനുഷ്യനെ ഭീരുവും ദുർബലനുമാക്കിത്തീർക്കുന്നു. അതുകൊണ്ടാണ് അല്ലാഹു ഫജ്ത്തനിബുർരിജ്സമിനൽ ഔഥാനി വജ്ത്തനിബൂ ഖൗലസ്സൂരി എന്നു പറയുന്നത്. അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നിൽക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നു നിൽക്കുക.(22:31)

അതുകൊണ്ട് വാദിക്കുന്ന ആളിന്റെ സ്ഥൈര്യവും സ്ഥിരചിത്തതയും നോക്കുക എന്നത് എല്ലാ ഓരോ മനുഷ്യനും നിർബന്ധമാണ്. *(മൽഫൂദാത്ത് വാള്യം 2, പേജ് 35, 2018 ഖാദിയാൻ പതിപ്പ്)*

പേജ് 8 ൽ നിന്ന്

ന്ധകാര്യങ്ങളും കല്പനകളുമടങ്ങിയ അല്ലഹുവിന്റെ പരിശുദ്ധവും സമ്പൂർണവുമായ ഗ്രന്ഥം ലോകത്ത് കൊണ്ടുവരാതിരുന്നതും ദൈവതീരുമാനത്തെ കുറിച്ച് ജനങ്ങളെ അറിയിക്കാതിരുന്നതും. അത് പ്രത്യേക നേരത്തും അതിറക്കേണ്ട അത്യാവശ്യഘട്ടത്തിലുമാണ് ഇറങ്ങിയത്. അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥം പരിശുദ്ധിയുടേയും പവിത്രതയുടേയും ഉന്നതസ്ഥാനം പ്രാപിച്ച വ്യക്തിയിലാണ് ഇറങ്ങേണ്ടത്. കാരണം ശുദ്ധമായതിന് അശുദ്ധവുമായി ഒരു ബന്ധമില്ല. പരസ്പര ബന്ധവുമില്ല. പക്ഷേ, ദൈവഭാഷണം ഇറങ്ങുന്നതിന് പവിത്രതയും പരിശുദ്ധിയും എല്ലായിടത്തും നടപ്പിൽവരുത്തേണ്ടത് ഒരിക്കലും നിർബന്ധമില്ല. അല്ലാഹുവിന്റെ സത്യസമ്പൂർണമായ ശരീഅത്തും(ന്യായപ്രമാണഗ്രന്ഥം) അധ്യാപനവും ഇറങ്ങുക എന്നത് സത്യമായ ആവശ്യവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ എവിടെയാണോ സത്യമായ ആവശ്യമുണ്ടായത്, കാലത്തിന്റെ പരിഷ്കരണത്തിന് ദൈവഗ്രന്ഥം ഇറങ്ങേണ്ടത് അനിവാര്യമായി കണ്ടത് അതേ കാലത്ത് യുക്തിയുക്തം പ്രവർത്തിക്കുന്ന അല്ലാഹു തന്റെ ഗ്രന്ഥം ഇറക്കി. ഭക്തിയുടേയും-തഖ്‌വയുടേയും പവിത്രതയുടേയും സവിശേഷതകൊണ്ട് അലങ്കരിക്കപ്പെട്ടിരുന്ന മറ്റു ലക്ഷക്കണക്കിനാളുകളുടെ കാലത്തും, ആന്തരികമായ ശുദ്ധിയും നിഷ്ക്കളങ്കതയും അവലംബിച്ചിരുന്നവരുടെ മേലും അല്ലാഹുവിന്റെ സത്യമായ ശരീഅത്ത് ഇറങ്ങിയില്ല. അമൃതഭാഷണം ഇറങ്ങുന്നതിന് സത്യമായ ആവശ്യമുണ്ടാകേണ്ടതുണ്ട്. ഈ രണ്ടു ആവശ്യങ്ങളുംതമ്മിലുള്ള വ്യത്യാസം, സത്യശരീഅത്ത് ഇറങ്ങുന്നത് അതിന്റെ ആവശ്യത്തിന്റെ നേരത്താണ്. അതായത് ലോകം വഴികേടും മാർഗഭ്യംശവുംകൊണ്ട് നിറയുകയും സത്യത്തിൽനിന്ന് വ്യതിചലിച്ചുപോകുകയും ചെയ്യുമ്പോൾ അവരെ നേരായ വഴിയിൽകൊണ്ടുവരുന്നതിന് ഒരു പുതിയ ശരീഅത്തിന്റെ ആവശ്യമുണ്ടാകുന്നു. അവർ നേരിടുന്ന വിപത്തുകളെ അകറ്റുന്നതും അവരുടെ അന്ധകാരത്തേയും ഇരുട്ടിനേയും വിപാടനം ചെയ്യുന്നതുമായിരിക്കുമത്. കുഴപ്പങ്ങൾ നിറഞ്ഞ കാലഘട്ടത്തിനു ആവശ്യമായ ചികിത്സ തന്റെ ശക്തമായ വിവരണത്താൽ അത് നടത്തുന്നു.(തുടരും)


ഹദീഥുന്നബവി(സ)

'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി(സ)

"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 03 October 2024 Issue-40

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ജർമൻ പര്യടനം

**വിവർത്തനം:അമീൻ മുഹമ്മദു മാത്ര**

## 2014 ജൂൺ 15 ഞായറാഴ്ച:

### ജർമനി ജൽസാസാലാന ഹുദൂറിന്റെ സമാപന പ്രഭാഷണം

വിദ്യാർഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തതിനുശേഷം 05.15-ന് ഹുദൂർ അയ്യദഹുല്ലാഹ് സദസ്സിനെ അഭിസംബോധന ചെയ്തു.

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹാ ഓതിയതിനുശേഷം ഹുദൂർ പറഞ്ഞു: മുസ്‌ലിമീങ്ങൾ ധാരാളമായി പ്രയോഗിച്ചു വരുന്ന ഒരു പദമാണ് അല്ലാഹു. അനുഗ്രഹം ലഭിക്കുമ്പോൾ ചിലരുടെ മനസ്സ് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നു. ചിലർ സാഹചര്യത്തിന്റെ സ്വാധീനത്താൽ അല്ലാഹുവിന്റെ നാമം ഉച്ഛരിക്കുന്നു. തന്റെ ദൗർബല്യങ്ങളേയും കഴിവില്ലായ്മയേയും ആലസ്യങ്ങളേയും അല്ലാഹുവിനോടു ചേർത്തു പറയുന്നവരുമുണ്ട്. അവർ അല്ലാഹുവിന്റെ വിധി ഇതായിരുന്നെന്ന് തട്ടിവിടുകയും ചെയ്യുന്നു. അല്ലാഹു ഉപായങ്ങളിലേക്ക് അഥവാ കാര്യം നിറവേറ്റാനുള്ളവഴികളിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ട് പിന്നീട് അല്ലാഹുവിൽ വിശ്വസിക്കാനും ഭരമേൽപ്പിക്കാനുമാണ് പറഞ്ഞത്. എന്തായാലും ലോകത്ത് വസിക്കുന്ന ഭൂരിപക്ഷം മുസ്‌ലിമീങ്ങളും 'അല്ലാഹു, അല്ലാഹു' എന്ന് പറയുന്നവരാണ്. പക്ഷേ, അവർക്ക് അല്ലാഹുവിന്റെ യാഥാർഥ്യത്തെ കുറിച്ച് അറിവില്ല. അവനെ കുറിച്ചുള്ള ജ്ഞാനം കരസ്ഥമായിട്ടുമില്ല. ദൈവ സ്നേഹം കരസ്ഥമാക്കാനുള്ള മാർഗത്തെ കുറിച്ച് അറിയില്ല. അല്ലാഹുവിന്റെ സാമീപ്യം എങ്ങനെ പ്രാപിക്കാൻ കഴിയുമെന്ന വിവരവും അവർക്കില്ല. അല്ലാഹുവിന്റെ അടയാളങ്ങൾ എങ്ങനെയാണ് പ്രകടമാകുന്നതെന്നും അറിയില്ല. ഇക്കാലത്തും അത് പ്രകടമാകുമെന്നോ അതെല്ലാം പഴങ്കഥയായിരുന്നുവെന്നോ എന്നും അവർക്കറിയില്ല.

ഹുദൂർ പറഞ്ഞു: ഇന്ന് ഇക്കാര്യങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് അഹ്മദീ മുസ്‌ലിമീങ്ങൾക്ക് മാത്രമാണുള്ളത്. കാരണം നമുക്ക് ഇക്കാര്യങ്ങളുടെ യാഥാർഥ്യം ഹദ്റത്ത് മസീഹ് മൗഊദ്عليه السلام തുറന്ന നിലയിൽ വിവരിച്ചു തന്നിരിക്കുന്നു. ഓരോ അഹ്മദിയും ഇതിന്റെ യാഥാർഥ്യങ്ങളെക്കുറിച്ച് അറിയേണ്ടത് വളരെ നിർബന്ധമാണ്. അതുമുഖേന അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ പ്രാപ്തമാകുകയും അതിൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും. ദൈവവുമായിട്ടുള്ള വ്യക്തിപരമായ ബന്ധവും അതിലൂടെ ഉണ്ടാകും. ഇല്ലെങ്കിൽ സ്റ്റേജിലെ ബാനറിൽ കാണുന്ന 'അല്ലാഹു'എന്ന പദത്തിന് നമ്മുടെ ഈമാനിൽ സ്വാധീനം ചെലുത്താൻ സാധിക്കുകയില്ല. അല്ലാഹു മുസ്‌ലിമീങ്ങൾക്കുവേണ്ടി മാത്രമുള്ളതാണെന്ന് ചിലർ ധരിക്കുന്നു. ഇക്കൂട്ടർ അതിനെ സ്വാർഥവൽക്കരിക്കുകയാണ് ചെയ്യുന്നത്; മലേഷ്യയിലെ മുസ്‌ലിം പണ്ഡിതന്മാർ ക്രൈസ്തവ സമൂഹം അല്ലാഹു എന്ന പദം ഉപയോഗിക്കരുതെന്ന് വിധിച്ചതുപോലെ! അവിടുത്തെ നീതിപീഠവും ഇതിന് അനുകൂല വിധി നടപ്പിലാക്കിക്കൊണ്ട് നൂറുക്കണക്കിന് ക്രൈസ്തവർക്കെതിരെ ശിക്ഷ വിധിക്കുന്നു. അല്ലാഹുവിനെ കുറിച്ചോ ഈ പദത്തെ കുറിച്ചോ അവന്റെ അസ്തിത്വത്തെ കുറിച്ചോ അവന്റെ സ്നേഹം നേടുന്നതിനെ കുറിച്ചോ അവനുമായി ബന്ധം സ്ഥാപിക്കുന്നതിനെ കുറിച്ചോ ഇവർക്ക് ഒരു വിവരവുമില്ല, അതിനുവേണ്ടി ശ്രമിക്കുന്നതുമില്ല. ഉപരിപ്ലവമായി 'അല്ലാഹു, അല്ലാഹു' എന്ന പറച്ചിൽ മാത്രമാണുള്ളത്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ചില ഉദ്ധരണികൾ സമർപ്പിക്കുന്നതായിരിക്കും. അതിൽ അല്ലാഹുവിന്റെ യാഥാർഥ്യം, അവനെ കുറിച്ചുള്ള ആത്മീയ ജ്ഞാനം, അവന്റെ സ്നേഹവും സാമീപ്യവും കരസ്ഥമാക്കാനുള്ള മാർഗങ്ങൾ എന്നിവയെ കുറിച്ച് സംസാരിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ വാക്കുകളുടെ ആശയഗാംഭീര്യവും ആ വിഷയത്തിന്റെ പ്രകടനവുംതന്നെയാണ് അല്ലാഹുവിനെ സംബന്ധിച്ച ശരിയായ അറിവ് നമുക്ക് പ്രദാനം ചെയ്യുന്നതും അവന്റെ സാമീപ്യം പ്രാപിക്കുന്നവരാക്കുന്നതും ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ബയ്അത്തിൽ വരുന്നതിനുള്ള ലക്ഷ്യങ്ങൾ നേടുന്നവരാക്കുന്നതും.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്عليه السلام തന്നെയാണ് അല്ലാഹുത്തആലാ, അല്ലെങ്കിൽ അല്ലാഹ് ദൈവത്തിന്റെ വ്യക്തിഗതനാമമാണെന്ന് നമുക്ക് പറഞ്ഞുതന്നത്. അതെല്ലാ സ്വിഫത്തുകളും അഥവാ സവിശേഷഗുണങ്ങളും ഒരുമിച്ചു ചേർന്നതാണ്. ഇങ്ങനെയൊരു ദൈവത്തിന്റെ വ്യക്തിഗത നാമത്തെ കുറിച്ച് മറ്റൊരു മതവും നമുക്കു പറഞ്ഞുതന്നിട്ടില്ല. സ്വന്തം മതാനുയായികൾക്കും വ്യക്തമാക്കി കൊടുത്തിട്ടില്ല. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദിعليه السلامനെക്കാൾ ദൈവത്തെ തിരിച്ചറിഞ്ഞ ഒരു വ്യക്തിയും ഉണ്ടായിട്ടില്ല. ആ മഹാത്മാവിന്റെ ലിഖിതങ്ങളിൽനിന്നും അനുഗ്രഹംപറ്റി അല്ലാഹുവിന്റെ യാഥാർഥ്യം, അവനെ കുറിച്ചുള്ള ജ്ഞാനം, അവന്റെ സ്നേഹവും സാമീപ്യവും പ്രാപിക്കാനുള്ള വഴികൾ തുടങ്ങിയവയെ കുറിച്ചറിയാൻ ശ്രമിക്കേണ്ടതാണ്. ഇന്ന് ഈ ലിഖിതങ്ങൾ അതിനു വേണ്ടിയാണ് ഞാൻ തിരഞ്ഞെടുത്തിട്ടുള്ളത്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ലോകത്തിന് അല്ലാഹുവിനെ സംബന്ധിച്ചുള്ള യഥാർഥ സ്ഥിതി പറഞ്ഞുകൊടുക്കുന്നതിനെ സംബന്ധിച്ച് അവിടന്ന് എത്രമാത്രം അസ്വസ്ഥചിത്തനായിരുന്നു. അത് ഈ ഉപദേശത്തിൽനിന്ന് പ്രകടമാണ്. ആ മഹാത്മാവ്عليه السلام പറയുന്നു: 'ഞാനൊരു സ്വർണഖനി പുറത്തെടുത്തിരിക്കുന്നു എന്നതാണ് എന്റെ അനുകമ്പവേശത്തിന്റെ യഥാർഥ ചാലകശക്തി. എനിക്ക് പവിഴങ്ങളുടെ ഉറവിടത്തെ കുറിച്ച് വിവരം ലഭിച്ചിരിക്കുന്നു. എന്റെ ഭാഗ്യംകൊണ്ട് എനിക്ക് തിളക്കമാർന്നതും വിലമതിക്കാനാകാത്തതുമായ ഒരു വൈരക്കല്ല് ആ ഖനിയിൽനിന്ന് കിട്ടിയിരിക്കുന്നു. അതിന്റെ വില എത്രമാത്രമാണെന്നാൽ, മനുഷ്യകുലത്തിലെ മുഴുവൻ സഹോദരങ്ങളിലും അതു വിതരണം ചെയ്താലും അവരെല്ലാവരും ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ സ്വർണവും വെള്ളിയും കൈയിലുള്ള സമ്പന്ന വ്യക്തിയെക്കാൾ കൂടുതൽ അതിലെ ഓരോ വ്യക്തിയേയും ധനവാനാക്കുന്നത്ര മൂല്യം അതിനുണ്ട്. എന്താണ് ആ വൈരക്കല്ല്? സത്യവാനായ ദൈവംതന്നെ! അവനെ തിരിച്ചറിഞ്ഞുകൊണ്ട് വിശ്വാസം പുലർത്തുകയും യഥാർഥ സ്നേഹത്തോടെ അവനുമായുള്ള ബന്ധം സ്ഥാപിക്കുകയും അവനിൽനിന്ന് സ്വച്ഛമായ അനുഗ്രഹങ്ങൾ പ്രാപിക്കലുമാണ് അവനെ കരസ്ഥമാക്കുന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ഇത്രയധികം ധനം കരസ്ഥമാക്കിയിട്ടും അതിൽനിന്ന് ലോകരെ തടുഞ്ഞുവെച്ചാൽ അതികഠിനമായ അക്രമമായിരിക്കും ഞാൻ ചെയ്യുന്നത്. ഞാൻ സുഖിച്ചുകൊണ്ട് അവരെ വിശന്നു മരിക്കാൻ വിടണോ? എന്നിൽനിന്ന് അങ്ങനെയൊരിക്കലും സംഭവിക്കുകയില്ല. അവരുടെ ദാരിദ്ര്യവും വിശപ്പും കണ്ടുകൊണ്ട് എന്റെ ഹൃദയം തുണ്ടംതുണ്ടമായിപോകുന്നു. അവരുടെ അന്ധകാരമയവും ഞെരുക്കത്തോടെയുള്ള തുമായ ജീവിതംകണ്ട് എന്റെ ആയുസ്സ് കുറയുന്നു. ആകാശീയമായ ധനംകൊണ്ട് അവരുടെ വീടുകൾ നിറയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. ദൃഢതയുടേയും സത്യസന്ധതയുടേയും മുത്തുകൾ അവരുടെ മടിത്തട്ട് നിറയ്ക്കുവോളം ലഭിക്കണമെന്നും ഞാനാഗ്രഹിക്കുന്നു.'

അല്ലാഹുവിന് താനുമായുള്ള ബന്ധത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് മസീഹ് മൗഊദ്عليه السلام തന്നെയാണ് അല്ലാഹുത്ത പറയുന്നു: 'എല്ലാ നബിമാരിലും വെളിപ്പെട്ടുകൊണ്ടിരുന്ന ദൈവം, കലീമുല്ലാഹ് ഹദ്റത്ത് മൂസാعليه السلام യുടെമേൽ ത്വൂർ എന്ന സ്ഥലത്ത് വെളിപ്പെട്ടു. ഹദ്റത്ത് മസീഹിന്റെ മേൽ ശയീർ മലയിൽ വെളിപ്പെട്ടു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ യുടെമേൽ ഫാറാൻ പർവതത്തിൽ വിളങ്ങിയ സർവശക്തനും പരമപരിശുദ്ധനുമായ ദൈവം തന്നെയാണ് എന്നിലും വെളിപ്പെട്ടത്. അവൻ എന്നോടു സംസാരിച്ചു. ദൈവത്തിന്റ ദാസ്യം സ്വീകരിക്കാൻ നിയോഗിക്കപ്പെട്ട നബിമാർ സൂചി

ശേഷം പേജ് 10 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin